**പന്ത്രണ്ടാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 211** **03/12/2008-ൽ മറുപടിയ്ക്ക്**

**<u>തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഔഷധ വിവര കേന്ദ്രം</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി ജെ.അരുന്ധതി<br>ശ്രീ.ആനത്തലവട്ടം ആനന്ദൻ<br>ശ്രീ.വി.ജെ.തങ്കപ്പൻ<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.വി.ശിവൻകുട്ടി | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ആരംഭിച്ച ഔഷധ വിവര കേന്ദ്രത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ; | (എ) പൊതുജനങ്ങൾക്ക് ഔഷധങ്ങളെ സംബന്ധിച്ച ആധികാരികവും വിശ്വസനീയവും ആനുകാലികവുമായ വിവരങ്ങൾ 24 മണിക്കൂറും നേരിട്ടും ഫോൺ വഴിയും നൽകുന്നതിന് പുറമേ മരുന്നിന്റെ ഉപയോഗ ക്രമങ്ങൾ, അനുവർത്തിക്കേണ്ട ജീവിതശൈലി മാറ്റങ്ങൾ എന്നിവയെപ്പറ്റി വിശദമായ ഉപദേശങ്ങൾ നൽകുകയും ചെയ്യുന്നു. |
| (ബി) ഇവിടെ നിന്നും എന്തെല്ലാം വിവരങ്ങളാണ് പൊതുജനങ്ങൾക്ക് ലഭിക്കുന്നത് ; | (ബി) 1) മരുന്നിന്റെ നിർദ്ദേശം<br>2) അളവ്<br>3) സൂക്ഷിക്കേണ്ട വിധം<br>4) എത്രനാൾ<br>5) പാർശ്വഫലങ്ങൾ<br>6) ശരാശരി വിവരങ്ങൾ<br>7) പ്രതികൂല ഫലങ്ങൾ<br>8) മരുന്നും - മരുന്നും മരുന്നും - ആഹാരവും തമ്മിലുള്ള പ്രതിപ്രവർത്തനങ്ങൾ മുതലായ ഔഷധ സംബന്ധിയായി അറിയേണ്ട എല്ലാ കാര്യങ്ങളും ഇവിടെ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കുന്നു. |

(തുടർച്ച .....)

| | |
|---|---|
| (സി) പുതുതായി വിപണിയിലിറങ്ങുന്ന മരുന്നുകളെക്കുറിച്ചുള്ള വിവരങ്ങൾ നൽകുന്നതിന് ഈ കേന്ദ്രത്തെ സജ്ജീകരിച്ചിട്ടുണ്ടോ ; | (സി) ഉണ്ട്. |
| (ഡി) ഔഷധ വിവര കേന്ദ്രത്തിന്റെ ഇതുവരെയുള്ള പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ? | (ഡി) ഉണ്ട് ; ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർ ഇതുവരെ വന്ന 625 അന്വേഷണങ്ങളെ പലതരം വിഭാഗങ്ങളായി തരംതിരിച്ച് ഇതിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 212 — 03-12-2008-ൽ മറുപടിയ്ക്ക്

## സ്പോർട്സ് ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബാബു പോൾ:<br>ശ്രീ.എൻ.അനിരുദ്ധൻ:<br>ശ്രീ.കെ.അജിത്:<br>ശ്രീ.വി.എസ്.സുനിൽ കുമാർ:<br>ശ്രീ.കെ.രാജു: | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| (എ)<br>കേരളത്തിലെ എത്ര സ്പോർട്സ് ഹോസ്റ്റലുകളിൽ ഇപ്പോൾ ആവശ്യത്തിന് പരിശീലകരുണ്ട്; മതിയായ പരിശീലകരില്ലാത്ത ഹോസ്റ്റലുകൾ ഏതെല്ലാം; | (എ)<br>സ്പോർട്സ് കൗൺസിലിന്റെ കീഴിൽ 61 ഹോസ്റ്റലുകൾ ഉള്ളതിൽ 42 ഹോസ്റ്റലുകളിലും ആവശ്യത്തിന് പരിശീലകർ ഉണ്ട്. 19 ഹോസ്റ്റലുകളിൽ മതിയായ അളവിൽ പരിശീലകരില്ല. ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി)<br>പരിശീലകരില്ലാത്ത ഹോസ്റ്റലുകളിൽ അടിയന്തിരമായി പരിശീലകരെ നിയമിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ; | (ബി)<br>നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി)<br>സ്പോർട്സ് ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്; വിശദ വിവരം വെളിപ്പെടുത്തുമോ ? | (സി)<br>2010-ലെ നാഷണൽ ഗെയിംസിനോടനുബന്ധിച്ച് ഒരുക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ നിലവിൽ വരുമ്പോൾ ഇക്കാര്യത്തിൽ പരിഹാരം ഉണ്ടാകും. |

Vijai

സെക്ഷൻ ഓഫീസർ

അനുബന്ധം

| | | |
|---|---|---|
| 1 | ഹാന്റ്ബോൾ അക്കാഡമി, എറണാകുളം | ഹാന്റ്ബോൾ |
| 2 | സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ, വയനാട് | വോളിബോൾ |
| 3 | കിഴക്കഞ്ചേരി എച്ച്.എസ്.എസ്. പാലക്കാട്. | വോളിബോൾ |
| 4 | വോളിബോൾ അക്കാഡമി. കുന്നുമ്മൽ. കോഴിക്കോട | വോളിബോൾ |
| 5 | വോളിബോൾ അക്കാഡമി പ്രക്കാനം, പത്തനംതിട്ട | വോളിബോൾ |
| 6 | സെന്റ് ജോർജ്ജ് കോളേജ്, അരുവിത്തറ | റസ്ലിംഗ് (വനിത) |
| 7 | എസ്.എൻ.കോളേജ്, വർക്കല | വോളിബോൾ |
| 8 | എസ്.എൻ.കോളേജ്, കണ്ണൂർ | ഫുട്ബോൾ |
| 9 | ശ്രീനാരായണഗുരു കോളേജ്. ചേളന്നൂർ | വോളിബോൾ |
| 10 | സെന്റ് സ്റ്റീഫൻസ് കോളേജ്, പത്തനാപുരം. | വോളിബോൾ |
| 11 | സെന്റ് ജോസഫ്സ് കോളേജ്, ആലപ്പുഴ. | ബാസ്കറ്റ് ബോൾ |
| 12 | സെന്റ് ആൽബർട്ട്സ് കോളേജ്, എറണാകുളം | ബാസ്കറ്റ് ബോൾ |
| 13 | മാർത്തോമാ കോളേജ്, തിരുവല്ല. | ഫുട്ബോൾ (വനിത) |
| 14 | സി.എം.എസ്.എച്ച്.എസ്.എസ്. മല്ലപ്പള്ളി | വോളിബോൾ |
| 15 | സെന്റ് ജോസഫ്സ്.എച്ച്.എസ്.എസ്.പുളിങ്കുന്ന്, ആലപ്പുഴ | ബാസ്കറ്റ് ബോൾ |
| 16 | എസ്.എൻ.ഡി.പി.എച്ച്.എസ്.എസ്. കുട്ടമംഗലം, ആലപ്പുഴ. | വാട്ടർസ്പോർട്സ് |
| 17 | എം.എസ്.പി.എച്ച്.എസ്.എസ്. മലപ്പുറം. | അത്‌ലറ്റിക്സ് |
| 18 | സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ, കാസർഗോഡ്. | വോളിബോൾ ആന്റ് അത്‌ലറ്റിക്സ് |
| 19 | സെന്റ് സേവിയേഴ്സ് കോളേജ്, ആലുവ. | വോളിബോൾ |

**പന്ത്രണ്ടാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 213** — **03.12.08ൽ മറുപടിക്ക്**

## തുറമുഖ വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.എം.ദിനേശ് മണി<br>ശ്രീ.എ.എം.ആരിഫ്<br>ശ്രീ.എം.കെ.പുരുഷോത്തമൻ | ശ്രീ. എം. വിജയകുമാർ<br>(നിയമവും പാർലമെൻററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | സംസ്ഥാനത്തെ തുറമുഖ വികസനത്തിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | എ | **കേരളത്തിലെ** 17 തുറമുഖങ്ങളിൽ 6 തുറമുഖങ്ങൾക്കു മുൻഗണന നൽകി സ്വകാര്യസംരംഭകരെക്കൂടി ഉൾപ്പെടുത്തി വികസിപ്പിക്കുന്നതിന് സർക്കാർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു :-<br>1. **വിഴിഞ്ഞം തുറമുഖ വികസനം**:-<br>ആഗോള ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് ഹൈദരാബാദ് ആസ്ഥാനമായുള്ള ലാൻകോ കൊണ്ടപ്പള്ളി പവർ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി ലീഡ് മെമ്പറായതും മലേഷ്യൻ കമ്പനിയായ പെമ്പിനാൻ റെഡ്സായി എന്ന കമ്പനി കൂടി ഉൾപ്പെട്ടതുമായ കൺസോർഷ്യത്തെ പദ്ധതി നിർവ്വഹണത്തിനുള്ള സ്വകാര്യ പങ്കാളിയായി സർക്കാർ തെരഞ്ഞെടുത്ത് അവർക്ക് Letter of Intent നൽകിക്കഴിഞ്ഞു.<br>2. **വിഴിഞ്ഞം കാർഗോ ബർത്ത്** ;-<br>സുനാമി അടിയന്തിര സഹായ പദ്ധതിയിൽപ്പെടുത്തി( TEAP) 104മീ X 12 മീറ്റർ പുതിയ കാർഗോ വാർഫിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. 725.04 ലക്ഷം രൂപയുടെ ഈ പ്രവർത്തി 31/03/2009ൽ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.<br>3. **കൊല്ലം (തങ്കശ്ശേരി) തുറമുഖം**:-<br>കൊല്ലം തുറമുഖം ചരക്കുകപ്പലുകളെ സ്വീകരിക്കുവാനായി സജ്ജമായി. 19.10.07ൽ തുറമുഖം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെട്ടു. വിദേശത്തുനിന്നുള്ള കപ്പലുകളിൽ നിന്നുള്ള ഇറക്കുമതിയ്ക്കായി കേന്ദ്ര സർക്കാർ കൊല്ലം തുറമുഖത്തെ ഒരു കസ്റ്റംസ് തുറമുഖമായി പ്രഖ്യാപിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചു. നിലവിലുള്ള വാർഫിനെ ദീർഘിപ്പിക്കുവാനും മറ്റ് അനുബന്ധ വികസന സൗകര്യങ്ങൾ ഏർപ്പെടുത്തുവാനുമുള്ള നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. തുറമുഖത്തെ വാണിജ്യതലത്തിൽ സർക്കാർ - സ്വകാര്യ പങ്കാളിത്തത്തോടെ (PPP) വികസിപ്പിക്കുന്നതിനായി വിശദമായ പദ്ധതി രേഖ തയ്യാറാക്കാൻ കൺസൾട്ടൻറിനെ നിയമിക്കുന്നതിനുള്ള ടേംസ് ഓഫ് റഫറൻസ് സർക്കാർ അംഗീകരിച്ചു. ആഗോളദർഘാസ് |

| | | | |
|---|---|---|---|
| | | | ക്ഷണിച്ചതിൻപ്രകാരം 4 കമ്പനികൾ സമർപ്പിച്ച ദർഘാസ് പരിശോധിക്കുകയും ഡിലോയിറ്റ് ടച്ച് തൊഹ്മാറ്റസ് എന്ന സ്ഥാപനത്തെ കൺസൾട്ടൻറായി തെരഞ്ഞെടുക്കുകയും ചെയ്തു. കേന്ദ്ര സർക്കാരിന്റെ ASIDE സ്കീമിൽ നിന്നും 1280 ലക്ഷം രൂപയുടെ വികസനപ്രവർത്തനങ്ങളും സുനാമി പുനരധിവാസ പദ്ധതിയിൽ 560 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങൾക്കും സർക്കാർ ഭരണാനുമതി നൽകി പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.<br>4. <u>ആലപ്പുഴ തുറമുഖം:-</u><br>ആലപ്പുഴ തുറമുഖത്തെ സർക്കാർ - സ്വകാര്യ പങ്കാളിത്തത്തോടുകൂടി ഒരു മറീനയും ഒപ്പം തന്നെ ചരക്കു തുറമുഖവുമായി വികസിപ്പിക്കുന്നതിന് വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിനായി കൺസൾട്ടൻറിനെ നിയമിക്കുന്നതിനുവേണ്ടി ആഗോള തലത്തിൽ ക്ഷണിച്ച ദർഘാസിലൂടെ 2 കമ്പനികൾ ടെണ്ടർ സമർപ്പിച്ചിട്ടുണ്ട്. അവ സർക്കാർ പരിശോധിച്ചുവരികയാണ്.<br>5. <u>പൊന്നാനി തുറമുഖം:-</u><br>പൊന്നാനി തുറമുഖം വിവിധോദ്ദേശ്യ രീതിയിൽ സ്വിസ് ചലഞ്ച് മെത്തേഡ് അവലംബിച്ച് വികസിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചു. ഇതിനായി പദ്ധതിരേഖ തയ്യാറാക്കാൻ മലബാർ പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി. അവർ പദ്ധതി സമർപ്പിച്ചിട്ടുണ്ട് അതിൻെറ പഠനം നടന്നു കൊണ്ടിരിക്കുന്നു.<br>6. <u>ബേപ്പൂർ തുറമുഖം:-</u><br>ബേപ്പൂർ തുറമുഖത്തെ എല്ലാ കാലാവസ്ഥയിലും പ്രവർത്തിക്കുവാൻ സജ്ജമാക്കുന്ന രീതിയിൽ സർക്കാർ -സ്വകാര്യ പങ്കാളിത്തത്തോടുകൂടി വികസിപ്പിക്കുന്നതിനുള്ള പദ്ധതിരേഖ തയ്യാറാക്കുന്നതിനായി കൺസൾട്ടൻറിനെ നിയമിക്കാൻ ആഗോള തലത്തിൽ ദർഘാസ് ക്ഷണിച്ചതിൻ പ്രകാരം M/s Consulting Engineering Services Pvt Ltd, New Delhi- യെ കൺസൾട്ടന്റായി സർക്കാർ തെരഞ്ഞെടുത്തു. അവർക്ക് വർക്ക് ഓർഡർ നൽകി അവരുമായി കരാർ ഉടനെ ഒപ്പിടുന്നതാണ്. സുനാമി പുനരധിവാസ പദ്ധതിയിൽ 855 ലക്ഷം രൂപയുടെ വികസനപ്രവർത്തനങ്ങൾക്കും സർക്കാർ ഭരണാനുമതി നൽകി പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.<br>7. <u>അഴീക്കൽ തുറുമുഖം:-</u><br>അഴീക്കൽ തുറമുഖത്തെ സർക്കാർ സ്വകാര്യ പങ്കാളിത്തത്തോടുകൂടി വികസിപ്പിക്കുന്നതിനുള്ള പദ്ധതിരേഖ തയ്യാറാക്കുന്നതിനായി കൺസൾട്ടന്റിനെ നിയമിക്കാൻ ആഗോള തലത്തിൽ ദർഘാസ് ക്ഷണിച്ചതിൻപ്രകാരം M/s Deloitte Touche Tohmatsu India Pvt Ltd- നെ കൺസൾട്ടന്റായി സർക്കാർ തെരഞ്ഞെടുത്തു. അവർക്ക് |

| | | | |
|---|---|---|---|
| | | | വർക്ക് ഓർഡർ നൽകി അവരുമായി കരാർ ഒപ്പിട്ടു. പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. സുനാമി പുനരധിവാസ പദ്ധതിയിൽ 1100 ലക്ഷം രൂപയുടെ വികസനപ്രവർത്തനങ്ങൾക്ക് സർക്കാർ ഭരണാനുമതി നൽകി പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. തുറമുഖത്തിന്റെ മൗത്തിന്റെ യും ടേണിംഗ് സർക്കിളിന്റെയും ആഴം കൂട്ടുന്നതിനാവശ്യമായ ഡ്രഡ്ജിംഗ് സംസ്ഥാന സ്ഥാപനമായ KSMDC നടത്തിവരുന്നു.<br><br>8. **കോട്ടയം**:-<br>കോട്ടയത്തെ ഉൾനാടൻ ജലഗതാഗതം മുൻനിർത്തി ഒരു ചെറുകിട തുറമുഖമായി പ്രഖ്യാപിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു |
| ബി | ഏതെല്ലാം തുറമുഖങ്ങളുടെ നവീകരണ പ്രവർത്തനങ്ങളാണ് ഇപ്പോൾ നടക്കുന്നത്; | ബി | വിഴിഞ്ഞം, കൊല്ലം (തങ്കശ്ശേരി), ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളുടെ നവീകരണ പ്രവർത്തനങ്ങളാണ് ഇപ്പോൾ നടക്കുന്നത്. |
| സി | കൊല്ലം തുറമുഖ വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; | സി | കൊല്ലം തുറമുഖത്തെ വാണിജ്യതലത്തിൽ സർക്കാർ - സ്വകാര്യ പങ്കാളിത്തത്തോടെ (PPP) വികസിപ്പിക്കുന്നതിനായി വിശദമായ പദ്ധതിരേഖ തയ്യാറാക്കാൻ കൺസൾട്ടൻറിനെ നിയമിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. നിലവിൽ കൊല്ലം തുറമുഖത്ത് സർക്കാരിന്റെ പ്ലാൻ സ്കീമിൽ ഉൾപ്പെട്ടതും കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ ASIDE Scheme ൽ ഉൾപ്പെട്ടതും സുനാമി പുനരധിവാസ പദ്ധതിയിലുൾപ്പെട്ടതുമായ താഴെപ്പറയുന്ന പ്രവർത്തികൾ നടന്നു വരുന്നു.<br><br>**പ്ലാൻ സ്കീം**:- ഇതിൽ 116 മീറ്റർ വാർഫ്, അപ്രോച്ച് റോഡ്, യാർഡ് നിരപ്പാക്കൽ, ചുറ്റുമതിൽ നിർമ്മാണം എന്നിവ പൂർത്തീകരിച്ചു. ഗോഡൗണിന്റെ നവീകരണ പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. ട്രാൻസിറ്റ് ഷെഡിന്റെ നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. ജലസംഭരണി നിർമ്മാണത്തിനും ജല വിതരണത്തിനുമുള്ള പ്രവർത്തനങ്ങൾക്ക് ദർഘാസ് ക്ഷണിച്ചിരിക്കുകയാണ്. തുറമുഖത്തെ വൈദ്യുതീകരണത്തിന് സർക്കാർ ഭരണാനുമതി നൽകിക്കഴിഞ്ഞു.<br><br>**ASIDE Scheme** :- ഇതിലുൾപ്പെട്ട വാർഫിന്റെ നീളം വർദ്ധിപ്പിക്കൽ, യാർഡ് നവീകരണം എന്നീ പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. റോഡിന്റെയും റീട്ടെയിനിംഗ് |

| | | | |
|---|---|---|---|
| | | | വാളിൻെറയും നിർമ്മാണത്തിനായി വർക്ക് ഓർഡർ നൽകിക്കഴിഞ്ഞു.<br><br>**<u>സുനാമി പുനരധിവാസം:-</u>** ഇതിലുള്ള ട്രാൻസിറ്റ് ഷെഡിൻെറയും തങ്കശ്ശേരി മുതൽ കൊല്ലം തുറമുഖം വരെയുള്ള റോഡിൻെറയും നിർമ്മാണം പുരോഗമിച്ചു വരുന്നു. ഡ്രഡ്ജിംഗിൻെറയും ക്രെയിൻ സ്ഥാപിക്കുന്നതിനുമുള്ള പ്രവർത്തിയുടെ ദർഘാസ് നടപടികൾ പുരോഗമിച്ചു വരുന്നു. |
| ഡി | ഇതിനായി എത്ര കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു; | ഡി | കൊല്ലം തുറമുഖ വികസനത്തിനായി നിയമിക്കാനുദ്ദേശിക്കുന്ന കൺസൾട്ടൻറിൻെറ പഠന റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ മാത്രമേ തുറമുഖ വികസന പദ്ധതിയുടെ ചെലവിൻെറ രൂപരേഖ ലഭ്യമാകൂ. ഇപ്പോൾ വികസനത്തിനായി ചെലവഴിക്കുവാൻ അനുവദിച്ച തുക താഴെ ചേർക്കുന്നു.<br>പ്ലാൻ സ്കീം - 770 ലക്ഷം രൂപ<br>ASIDE സ്കീം - 1280 ലക്ഷം രൂപ<br>സുനാമി പുനരധിവാസം - 560 ലക്ഷം രൂപ<br>**ആകെ** - 2610 ലക്ഷം രൂപ. |
| ഇ | സംസ്ഥാനത്ത് മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകൾ എവിടെയെല്ലാമാണ് ആരംഭിക്കുന്നത്; | ഇ | സംസ്ഥാനത്തെ ആദ്യത്തെ മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് കാസറഗോഡ് ജില്ലയിലെ മീഞ്ച പഞ്ചായത്തിലാണ് സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുള്ളത്. കൊല്ലത്തും മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്ന വിഷയം സർക്കാരിൻെറ പരിഗണനയിലാണ്. |
| എഫ് | തുറമുഖ വികസനം ലക്ഷ്യമിട്ട് മാരിടൈം ഡെവലപ്പ്മെൻറ് ബോർഡ് രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ? | എഫ് | ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 214

3.12.2008-ൽ മറുപടിയ്ക്ക്

## കൈത്തറി സംഘങ്ങളുടെ കടം എഴുതിത്തള്ളാൻ നടപടി

**ചോദ്യം**

ശ്രീ. പള്ളിപ്രം ബാലൻ
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ
ശ്രീ. പി. തിലോത്തമൻ
ശ്രീ. എ.കെ. ചന്ദ്രൻ

എ) കേരളത്തിലെ കൈത്തറി നെയ്ത്ത് വ്യവസായ സഹകരണ സംഘങ്ങളുടെ സ്ഥിതി വളരെ ദയനീയമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

**മറുപടി**

ശ്രീ. എളമരം കരീം
(വ്യവസായ വകുപ്പു മന്ത്രി)

എ) കേരളത്തിലെ കൈത്തറി നെയ്ത്തു വ്യവസായ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. സംഘങ്ങളുടെ ഓഹരിക്ക് ആനുപാതികമായി ഓഹരി പങ്കാളിത്ത പദ്ധതിയിലൂടെ പ്രവർത്തന മൂലധനം നൽകി ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ.
2. പുതിയ കൈത്തറി വസ്ത്രങ്ങൾ ഉല്പാദിപ്പിക്കുന്നതിനും പ്രോത്സാഹനം നൽകുന്നതിനും 'ഉള്ള വികസന പദ്ധതികൾ.'
3. കൈത്തറി വസ്ത്രങ്ങളുടെ വിപണനം വർദ്ധിപ്പിക്കുന്നതിനായി മാർക്കറ്റിംഗ് ഇൻസെൻറീവ്, റിബേറ്റ് എന്നിവ നല്കി വരുന്നു.
4. ഉൽപാദന സൗകര്യം കാര്യക്ഷമമാക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി "പ്രീലൂം പദ്ധതി"
5. സർക്കാർ ജീവനക്കാർ/ മറ്റ് മേഖലയിലെ ജീവനക്കാർ എന്നിവർക്കിടയിൽ കൈത്തറി/ ഖാദി വസ്ത്രങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനായി "കേരളത്തനിമയ്ക്ക് കൈത്തറി" എന്ന പദ്ധതി.
6. കൈത്തറി വസ്ത്രം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ ജീവനക്കാർ വാരാന്ത്യങ്ങളിൽ കൈത്തറി വസ്ത്രം ധരിക്കണമെന്ന് നിർദ്ദേശം നല്കിയിട്ടുണ്ട്.
7. കൈത്തറി തൊഴിലാളികളെ ഏകോപിപ്പിച്ച് ഉല്പാദനവും വിപണനവും മെച്ചപ്പെടുത്തുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത പദ്ധതിയായ "ക്ലസ്റ്റർ വികസന പദ്ധതി" നടപ്പിലാക്കിയിട്ടുണ്ട്.

8. ഉല്പാദനം മെച്ചപ്പെടുത്തുന്നതിനായി തറികളുടെ ആധുനിക വൽക്കരണം നടത്തുന്ന പദ്ധതികൾ .
9. പ്രാഥമിക കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങളുടെ ഉൽപന്നങ്ങൾക്ക് പുതിയ വിപണി കണ്ടെത്തുന്നതിനായി പ്രദർശനങ്ങൾ സംഘടിപ്പിക്കുകയും അന്താരാഷ്ട്ര മേളകളിൽ സംഘങ്ങളെ പങ്കെടുപ്പിക്കുകയും ചെയ്തു വരുന്നു.
10. കൈത്തറി സഹകരണ സംഘങ്ങളിൽ ഭാഗിക യന്ത്രവൽക്കരണം നടത്തുന്നതിനുള്ള പദ്ധതി നടപ്പിലാക്കുകയും സംഘങ്ങളെ ആധുനികവൽക്കരിക്കുകയും ചെയ്യുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി 1 കോടി രൂപ ചിലവഴിക്കുന്നതാണ്.
11. സ്കൂൾ കുട്ടികൾ കഴിയുന്നതും കൈത്തറി വസ്ത്രങ്ങൾ യൂണിഫോമിനായി ഉപയോഗിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ബി) കൈത്തറി നെയ്ത്തു സംഘങ്ങളുടെ മുൻ കടങ്ങൾ എഴുതി തള്ളുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ബി) കൈത്തറി നെയ്ത്തു സംഘങ്ങളുടെ കടങ്ങൾ ഒറ്റത്തവണയായി, സാമ്പത്തിക സഹായം നൽകിക്കൊണ്ട് തീർപ്പ് കൽപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ ചില പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതായി അറിയിക്കുകയും അപ്രകാരം ഇതിനെ സംബന്ധിച്ച കത്തിടപാടുകൾ നടത്തി വരുകയും ചെയ്യുന്നു. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി കേന്ദ്ര ടെക്സ്റ്റയിൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് നബാർഡ് മാനേജിംഗ് ഡയറക്ടറുടെ മേൽനോട്ടത്തിൽ ഒരു ഉന്നതാധികാര കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. നബാർഡ് ആവശ്യപ്പെട്ട പ്രകാരം 31.3.07 വരെ കൈത്തറി സംഘങ്ങളുടെ ആസ്തി- ബാദ്ധ്യതയെക്കുറിച്ചുള്ള കണക്ക് സംസ്ഥാനത്തുള്ള വിവിധ കൈത്തറി സംഘങ്ങളിൽ നിന്നും അതാത് ജില്ലാ വ്യവസായ കേന്ദ്രം വഴി ശേഖരിച്ച് കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിലുള്ള കേന്ദ്ര സർക്കാരിന്റെ അന്തിമ തീരുമാനം പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 215 03-12-2008-ൽ മറുപടിയ്ക്ക്

'വിഷൻ ഇൻഡ്യ - പ്രോജക്ട്'

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.വിശ്വൻ:<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ:<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ:<br>ശ്രീ.കെ.കുഞ്ഞിരാമൻ:<br>ശ്രീ.എം.പ്രകാശൻ മാസ്റ്റർ: | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| (എ)<br>'വിഷൻ ഇൻഡ്യ - പ്രോജക്ട്' കേരളത്തിൽ നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ)<br>ഏഷ്യൻ ഫുട്ബോൾ കോൺഫെഡറേഷന്റെ ആഭിമുഖ്യത്തിൽ ഇന്ത്യയിൽ ഫുട്ബോൾ കളിയുടെ പ്രചാരവും ഗുണമേൻമയും വർദ്ധിപ്പിക്കുന്നതിനായി ആരംഭിച്ച എ.എഫ്.സി. പ്രൊജക്ട് ഇന്ത്യയുടെ ഭാഗമായി കേരളത്തിലെ 7 ജില്ലകളിൽ ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് വിഷൻ ഇന്ത്യ പ്രൊജക്ട് കേരള. ഇതിന്റെ ഭാഗമായി സംസ്ഥാനതല കമ്മിറ്റിയും, ജില്ലാ കമ്മിറ്റികളും, സ്കൂൾതല കമ്മിറ്റികളും രൂപപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഈ പദ്ധതിയുടെ ദൈനംദിന പ്രവർത്തനങ്ങളുടെ മേൽ നോട്ടത്തിനായി സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റിയും ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റികളും രൂപപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ പരിശീലനം 2008 ഏപ്രിൽ 1-ന് ആരംഭിക്കുകയും ചെയ്തു. പദ്ധതിയിലെ മികച്ച 14 പരിശീലകരെ പങ്കെടുപ്പിച്ചു കൊണ്ടുള്ള എ.എഫ്.സി.യുടെ സി ലെവൽ ലൈസൻസ് കോഴ്സ് 2008 നവംബർ 16-ന് തിരുവനന്തപുരത്ത് ആരംഭിച്ചു. |

| | |
|---|---|
| (ബി)<br>ഏതെല്ലാം വകുപ്പുകളുടെയും ഏജൻസികളുടെയും സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത് ; | (ബി)<br>ഏഷ്യൻ ഫുട്ബോൾ കോൺഫെഡറേഷൻ, സംസ്ഥാന കായിക, വിദ്യാഭ്യാസ വകുപ്പുകൾ, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, കേരള ഫുട്ബോൾ അസോസിയേഷൻ എന്നിവ സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |
| (സി)<br>പദ്ധതി അനുസരിച്ച് ഇതിനകം എത്ര കുട്ടികൾക്ക് ശാസ്ത്രീയമായ ഫുട്ബോൾ പരിശീലനം നൽകിയിട്ടുണ്ട്; | (സി)<br>പദ്ധതി നടത്തിപ്പിന് തെരഞ്ഞെടുത്ത 7 ജില്ലകളിൽ ഓരോന്നിലും 8 സ്കൂൾ എന്ന തോതിൽ 56 സ്കൂളുകളിലാണ് പരിശീലനം നടക്കുന്നത്. പ്രസ്തുത സ്കൂളുകളിൽ ഓരോന്നിലും 35 മുതൽ 40 വരെ എന്ന കണക്കിൽ മൊത്തം 2000 കുട്ടികൾക്കാണ് പരിശീലനം ലഭിക്കുന്നത്. |
| (ഡി)<br>ഏതെല്ലാം ജില്ലകളിലാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്; പദ്ധതിക്കായി എത്ര കോടി രൂപ ലഭിക്കും; | (ഡി)<br>കണ്ണൂർ, കോഴിക്കോട്, മലപ്പുറം, തൃശൂർ, എറണാകുളം, പത്തനംതിട്ട, തിരുവനന്തപുരം എന്നീ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.<br>ഇതിനായി കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതിയുടെ വിജയകരമായ നടത്തിപ്പ് വിലയിരുത്തിയ ശേഷം മാത്രമെ എ.എഫ്.സി.യിൽ നിന്നും ധനസഹായം ലഭിക്കുകയുള്ളു. |
| (ഇ)<br>എല്ലാ ജില്ലകളിലും പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ? | (ഇ)<br>സ്വീകരിക്കുന്നതാണ്. |

Valsal

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 216

3.12.2008-ൽ മറുപടിക്ക്

ട്രാവൻകൂർ ടൈറ്റാനിയത്തിൻെറ പ്രവർത്തനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.ആനത്തലവട്ടം ആനന്ദൻ<br>ശ്രീ.വി.ജെ.തങ്കപ്പൻ<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീമതി.ജെ.അരുന്ധതി | ശ്രീ.എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിൻെറ പ്രവർത്തനത്തെക്കുറിച്ച് പഠിക്കാൻ നിയോഗിച്ചിരുന്ന കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; | ഉണ്ട്. |
| (ബി) എങ്കിൽ റിപ്പോർട്ടിലെ നിഗമനങ്ങളും ശുപാർശകളും എന്തെല്ലാമാണ്; | (ബി) റിപ്പോർട്ടിലെ നിഗമനങ്ങളും ശുപാർശകളും ചുവടെ ചേർക്കുന്നു.<br><br>മലിനീകരണ നിവാരണ പദ്ധതിയുടെ ഒന്നാം ഘട്ടത്തിലെ ഒന്നാം പാദ പ്രവർത്തനങ്ങൾ സാങ്കേതിക ക്ഷമതയുള്ളതാണെങ്കിലും സാമ്പത്തിക ക്ഷമതയുള്ളതല്ല.<br><br>കോപ്പറാസ് പൂർണ്ണമായും വേർതിരിച്ചെടുക്കാവുന്നതും നിർദ്ദേശിച്ചിരിക്കുന്നതിലും കുറഞ്ഞ വീര്യത്തിൽ അമ്ലം വേർതിരിച്ചെടുക്കാവുന്നതും ബാക്കിയാവുന്ന വീര്യം കുറഞ്ഞ അമ്ലത്തെ കുമ്മായം ഉപയോഗിച്ച് ഭാഗികമായി നിർവീര്യമാക്കാവുന്നതും ചെലവ് കുറഞ്ഞതുമായ സാങ്കേതിക വിദ്യയിലേയ്ക്ക് ഇപ്പോഴത്തെ മലിനീകരണ നിവാരണ പദ്ധതിയിലെ നിർദ്ദേശങ്ങളെ മാറ്റുന്നത് പരിഗണിക്കണം.<br><br>ഇപ്പോഴത്തെ നിലയിൽ സാമ്പത്തികമായി കമ്പനി നടത്തിക്കൊണ്ടുപോകാൻ ബുദ്ധിമുട്ടുന്നതിനാൽ ഉയർന്ന നിലവാരമുള്ള പ്രവർത്തനത്തിലൂടെയും സാമ്പത്തിക അച്ചടക്കത്തിലൂടെയും 15 മുതൽ 20 ശതമാനം വരെ പ്രവർത്തന ചെലവ് കുറയ്ക്കണം.<br><br>ദീർഘകാല പദ്ധതിയായി ഉന്നത മൂല്യമുള്ള ഉല്പന്നങ്ങൾ നിർമ്മിക്കാൻ പര്യാപ്തമായ പുതിയ സാങ്കേതിക വിദ്യകൾ സ്വായത്തമാക്കാനും അതുപയോഗിച്ച് കേരള തീരത്തെ ഇൽമനൈറ്റ് ശേഖരം പരമാവധി പ്രയോജനപ്പെടുത്താനും ശ്രമിക്കണം. |

| | |
|---|---|
| (സി) റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ; | (സി) റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്. |
| (ഡി) കമ്പനിയുടെ പ്രവർത്തനം നവീകരിക്കുന്നതിനും മലിനീകരണം തടയുന്നതിനുമായി എന്തു തുക ആവശ്യമായി വരുമെന്ന് വെളിപ്പെടുത്തുമോ? | (ഡി) റിപ്പോർട്ടിലെ നിർദ്ദേശങ്ങളിന്മേൽ അന്തിമ തീരുമാനം എടുത്തിട്ടില്ലാത്തതിനാൽ മലിനീകരണ നിവാരണം, കമ്പനിയുടെ പ്രവർത്തന നവീകരണം എന്നിവയ്ക്ക് വേണ്ട ചെലവ് പുനർ നിർണ്ണയം ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

| ഒമ്പതാം സമ്മേളനം | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.217 | 03.12.2008 -ൽ മറുപടിയ്ക്ക് |
| വികലാംഗ ആനുകൂല്യം വർദ്ധിപ്പിക്കുന്നതിന് നടപടി | |

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ: | | ശ്രീമതി .പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | വികലാംഗ ആനുകൂല്യത്തിന് നിലവിൽ എത്ര ശതമാനം അംഗ വൈകല്യമുള്ളവരെയാണ് പരിഗണിക്കുന്നത്; | (എ) | നാല്പത് ശതമാനത്തിൽ കുറയാതെ വൈകല്യമുള്ളവരെയാണ് വികലാംഗ ആനുകൂല്യത്തിന് പരിഗണിക്കുന്നത്. |
| (ബി) | കൂടുതൽ വികലാംഗർക്ക് വികലാംഗ ആനുകൂല്യത്തിന് അർഹത ലഭിക്കുന്നതിന് 25 ശതമാനം മുതൽ അംഗവൈകല്യം ഉള്ളവരെ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | (ബി) - യും (സി) - യും | ഇൻഡ്യൻ പാർലമെന്റ് പാസ്സാക്കിയ 1995 ലെ വികലാംഗ സംരക്ഷണ നിയമം (ദി പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ്(ഈക്വൽ ഓപ്പർച്ച്യൂണിറ്റീസ്, പ്രൊട്ടക്ഷൻ ഓഫ് റൈറ്റ്സ് ആന്റ് ഫുൾ പാർട്ടിസിപ്പേഷൻ) ആക്റ്റ്, 1995) അനുസരിച്ചാണ് 40 ശതമാനമോ അതിൽ കൂടുതലോ വൈകല്യമുള്ളവരെ വികലാംഗരായി കണക്കാക്കുന്നത്. 25 ശതമാനം മുതൽ വൈകല്യമുള്ളവരെ വികലാംഗരായി കണക്കാക്കാൻ നിയമപരമായി കഴിയുകയില്ല. |
| (സി) | ഇതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ? | | |

Mary Melanie Netto
സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 218 | 03.12.2008 ൽ മറുപടിക്ക് |
|---|---|

### ഡോക്ടർമാരുടെ ഗ്രാമീണ സേവനം

| *ചോദ്യം* | *മറുപടി* |
|---|---|
| ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>പ്രൊ. എ.സി. രവീന്ദ്രനാഥ്<br>ശ്രീ. സാജു പോൾ<br>ശ്രീ. വി. ശശികുമാർ | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | ഗ്രാമീണ മേഖലയിൽ സേവനമനുഷ്ഠിക്കുന്നതിന് ഡോക്ടർമാർക്കുള്ള വിമുഖത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ചില ഡോക്ടർമാർക്കുള്ള വിമുഖത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | എങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | ബി) | സർക്കാർ മെഡിക്കൽ കോളേജിൽ നിന്നും പഠിച്ചിറങ്ങുന്ന എം.ബി.ബി.എസ് ഡോക്ടർമാരെ ഒരു വർഷത്തെ നിർബന്ധിത ഗ്രാമീണ സേവനത്തിനായി എൻ. ആർ. എച്ച്. എം. മുഖേന കരാറടിസ്ഥാനത്തിൽ നിയമിക്കുന്നുണ്ട്. ഇതിനായി നിയോഗിക്കപ്പെടുന്ന ഡോക്ടർമാർക്ക് പ്രതിമാസം 15000 /- (പതിനയ്യായിരം രൂപ) വേതനമായി നൽകുന്നുണ്ട്. ഇതു കൂടാതെ ഗ്രാമീണ മേഖലയിൽ നിയമിക്കുകയാണെങ്കിൽ 3000/- (മൂവായിരം രൂപ) ഗ്രാമീണ അലവൻസും, ദുർഘട ഗ്രാമീണ മേഖലയിൽ നിയമിക്കുകയാണെങ്കിൽ 5000/- (അയ്യായിരം രൂപ) ദുർഘട ഗ്രാമീണ അലവൻസും ലഭിക്കും.<br>2008ജൂൺ മാസത്തിലിറക്കിയ രണ്ട് PSC നിയമന ഉത്തരവുകളിലും സെപ്റ്റംബർ മാസത്തിലെ ഒരു നിയമന ഉത്തരവിലുമായി 662 നിയമനങ്ങൾ നടത്തിയത് പ്രത്യേകിച്ചും പിന്നോക്ക ജില്ലകളായ ഇടുക്കി കണ്ണൂർ,പാലക്കാട് ,കാസർകോഡ് വയനാട്, മലപ്പുറം |

| | | | |
|---|---|---|---|
| | | | എന്നിവരങ്ങളിലേയ്ക്ക് മാത്രമായിരുന്നു. അതിൽ തന്നെ ദുർഘട മേഖലകളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലേക്കും ഗ്രാമീണ മേഖലകളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലേക്കുമുള്ള നിയമനങ്ങൾക്ക് മുൻതൂക്കം നൽകിക്കൊണ്ടായിരുന്നു. ഗ്രാമീണ മേഖലകളിൽ ഡോക്ടർമാരുടെ അഭാവം നേരിടുന്ന സാഹചര്യങ്ങളിൽ കരാർ അടിസ്ഥാനത്തിൽ ഡോക്ടർമാരെ നിയമിച്ച് ആ അഭാവം പരിഹരിക്കുന്നതിനായി എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും നിർദ്ദേശം നൽകുകയും അപ്രകാരം നിയമനങ്ങൾ നടത്തിവരികയും ചെയ്യുന്നുണ്ട്. മുകളിൽ സൂചിപ്പിച്ചിട്ടുള്ള നടപടികളിലൂടെ ഗ്രാമീണ മേഖലകളിലെ ഡോക്ടർമാരുടെ അഭാവം ഒരു പരിധിവരെ പരിഹരിക്കുവാൻ സാധിച്ചിട്ടുണ്ട്. ഒക്ടോബർ മാസത്തിൽ 300 ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി യിൽ നിന്നും അഡ്വൈസ് ലിസ്റ്റ് ലഭിക്കുന്ന മുറയ്ക്ക് നിയമനങ്ങൾ നടത്തി ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| സി) | നിർബന്ധിത ഗ്രാമീണ സേവനംവഴി ഓരോ വർഷവും എത്ര ഡോക്ടർമാരുടെ സേവനം അധികമായി ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്; | സി) | നിർബന്ധിത ഗ്രാമീണ സേവനംവഴി 2006-ൽ 80 ഡോക്ടർമാരെയും 2007-ൽ 385 ഡോക്ടർമാരെയും 2008ൽ ഇതുവരെ 456 ഡോക്ടർമാരെയും അധികമായി ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | ഗ്രാമീണ മേഖലയിൽ സേവനമനുഷ്ഠിക്കുന്ന ഡോക്ടർമാർക്ക് എന്തെല്ലാം അധിക ആനുകൂല്യങ്ങളാണ് വാഗ്ദാനം ചെയ്തിട്ടുള്ളത്; | ഡി) | നിർബന്ധിത ഗ്രാമീണ സേവനം ചെ നിയമിക്കപ്പെടുന്ന ഡോക്ടർമാർക്ക് പ്രതിമാസം പ്രതിഫലമായി 15000 / - രൂപയ്ക്കു പുറമേ (പതിനയ്യായിരം രൂപ)ഗ്രാമീണ മേഖലയിലാണെങ്കിൽ (3000 / - (മൂവായിരം രൂപ) അലവൻസായും ഗ്രാമീണ ദുർഘട മേഖലയിൽ നിയമിക്കുകയാണെങ്കിൽ 5000 / - (അയ്യായിരം രൂപ ) ദുർഘട ഗ്രാമീണ അലവൻസായും ലഭിക്കുന്നുണ്ട്. ആരോഗ്യ വകുപ്പിൽ നിന്ന് നിയമിക്കുന്ന ഡോക്ടർമാർക്ക് ഗ്രാമീണ മേഖലയിൽ റൂറൽ അലവൻസും ദുർഘട ഗ്രാമീണ മേഖലകളിൽ ഡിഫിക്കൽറ്റ് റൂറൽ അലവൻസും നൽകുന്നുണ്ട്. ഈ മേഖലകളിലെ ഡോക്ടർമാർക്ക് പോസ്റ്റ് ഗ്രാജുവേറ്റ് അഡ്മിഷന് മുൻഗണന കൊടുക്കുന്നുണ്ട്. |
| ഇ) | ഇപ്പോൾ ഗ്രാമീണ മേഖലയിൽ എത്ര ഡോക്ടർമാരുടെ ഒഴിവുണ്ടെന്ന് വെളിപ്പെടുത്തുമോ? | ഇ) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലും, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലുമായി 481 അസിസ്റ്റന്റ് സർജന്മാരുടെ ഒഴിവുകൾ നിലവിലുള്ളതിൽ 253ഒഴിവുകൾ ഗ്രാമീണ മേഖലയിലാണ്. |

Seenath

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 219 — 03.12.2008 ൽ മറുപടിയ്ക്ക്

### നീർത്തട സംരക്ഷണ പരിപാലന വിജ്ഞാപനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജി.കാർത്തികേയൻ<br>ശ്രീ. വി.ഡി.സതീശൻ | ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ<br>(ബഹു: ജലവിഭവ വകുപ്പ് മന്ത്രി) |
| എ) കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുള്ള നീർത്തട സംരക്ഷണ പരിപാലന വിജ്ഞാപനത്തിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണ്; | എ) കേന്ദ്രസർക്കാർ തണ്ണീർത്തട സംരക്ഷണ പരിപാലന വിജ്ഞാപനത്തിന്റെ കരട് മാത്രമേ പ്രസിദ്ധീകരിച്ചിട്ടുള്ളൂ. കരട് വിജ്ഞാപനത്തിൽ തണ്ണീർത്തടത്തിൽ അനുവദനീയമായതും നിരോധിച്ചതുമായ പ്രവർത്തനങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. തണ്ണീർത്തടങ്ങളെ 3 വിഭാഗങ്ങളായി തരംതിരിക്കുകയും അവയുടെ പരിപാലനത്തിന് ആവശ്യമായ നിർദ്ദേശങ്ങളും കരട് വിജ്ഞാപനത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| ബി) ഈ വിജ്ഞാപനം എന്നു മുതൽ നടപ്പാകുമെന്ന് അറിയിക്കാമോ; | ബി) കേന്ദ്ര സർക്കാരിന്റെ ഗസറ്റ് വിജ്ഞാപനത്തിന്റെ ദിവസം മുതൽ ഇതു പ്രാബല്യത്തിൽ വരും. |
| സി) ഈ വിജ്ഞാപനം നടപ്പാക്കുമ്പോൾ ഏതെല്ലാം വിധത്തിലുള്ള നീർത്തടങ്ങളുടെ നിയന്ത്രണം സംസ്ഥാനത്തിനു നഷ്ടമാകുമെന്ന് വ്യക്തമാക്കാമോ; | സി) കരട് വിജ്ഞാപന പ്രകാരം കാറ്റഗറി (എ) യിൽപ്പെടുന്ന രാംസർ തണ്ണീർത്തടങ്ങൾ, ലോക പൈതൃക പ്രദേശങ്ങളിലെയോ ദേശീയ പൈതൃക പ്രദേശങ്ങളിലെയോ തണ്ണീർത്തടങ്ങൾ , അന്തർ സംസ്ഥാന തണ്ണീർത്തടങ്ങൾ, ആയിരം ഹെക്ടറോ അതിൽകൂടുതലോ ഉള്ള വരണ്ട പ്രദേശങ്ങളിലുള്ള തണ്ണീർത്തടങ്ങൾ, 5000 ഹെക്ടറോ അതിൽകൂടുതലോ ഉള്ള ഭാഗികമായി വരണ്ട പ്രദേശങ്ങളിലെ തണ്ണീർത്തടങ്ങൾ, 10000 ഹെക്ടറോ അതിൽകൂടുതലോ ഉള്ള മിതോഷ്ണ മേഖലയിലെ തണ്ണീർത്തടങ്ങൾ, 1,00,000 ഹെക്ടറോ അതിൽകൂടുതലോ ഉള്ള ഉഷ്ണ മേഖലയിലെ തണ്ണീർത്തടങ്ങൾ, ക്ലാസ് 'എ' നഗരങ്ങൾക്ക് ശുദ്ധജലം ലഭ്യമാക്കുന്ന |

| | | | |
|---|---|---|---|
| | | | തണ്ണീർത്തടങ്ങൾ എന്നിവയുടെ നിയന്ത്രണം കേന്ദ്ര അതോറിറ്റിയുടെ കീഴിലായിരിക്കും. എന്നാൽ തീരദേശ നിയന്ത്രണ നിയമം ബാധകമായ തണ്ണീർത്തടങ്ങൾ ഈ വിജ്ഞാപനത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| ഡി) | അതിൽ ഏതെല്ലാം നദികളും കായലുകളും മറ്റു ജലാശയങ്ങളും ഉൾപ്പെടുമെന്നു കാണിക്കുന്ന സ്റ്റേറ്റ്മെന്റ് മേശപ്പുറത്തു വയ്ക്കുമോ? | ഡി) | കരട് വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലുള്ള സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 220 | 03.12.2008 ൽ മറുപടിക്ക് |
|---|---|

**സർക്കാർ ആശുപത്രികളിലെയും മെഡിക്കൽകോളേജുകളിലെയും ഗുണനിലവാരം ഉയർത്തുന്നതിന് നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.പ്രദീപ് കുമാർ<br>ശ്രീ. സി.കെ. സദാശിവൻ<br>ശ്രീ.വി.എൻ.വാസവൻ<br>ശ്രീമതി.പി.അയിഷാ പോറ്റി<br>ശ്രീ. ബി.ഡി.ദേവസ്സി | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| എ) | സർക്കാർആശുപത്രികളിലെയും മെഡിക്കൽ കോളേജുകളിലെയും ഗുണനിലവാരം ഉയർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| ബി) | ഇതിനായി കേന്ദ്ര സർക്കാർ സ്ഥാപനമായ ക്വാളിറ്റി കൗൺസിൽ ഓഫ് ഇൻഡ്യയുമായി കരാർ ഒപ്പിട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (ബി) | കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ ഗുണനിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ക്വാളിറ്റി കൗൺസിൽ ഓഫ് ഇൻഡ്യയുമായി 2008 ആഗസ്റ്റ് 30-ാം തീയതി കേരള സർക്കാർ ഒരു ധാരണാപത്രത്തിൽ ഒപ്പു വയ്ക്കുകയുണ്ടായി. |
| സി) | സംസ്ഥാനത്തെ ആശുപത്രികളുടെ നിലവാരം ഉയർത്തുന്നതിനായി ക്വാളിറ്റി കൗൺസിൽ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; | (സി) | നിർദ്ദേശങ്ങൾ ഇതുവരെ ലഭിച്ചിട്ടില്ല. |
| ഡി) | എല്ലാ മെഡിക്കൽ കോളേജുകളിലും എം. ആർ.ഐ. സ്കാൻ ഉൾപ്പെടെയുള്ള അത്യാധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (ഡി) | കോഴിക്കോട് മെഡിക്കൽ കോളേജിൽ എം.ആർ.ഐ സ്കാനർ പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്.മറ്റു മെഡിക്കൽ കോളേജുകളിൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി എം.ആർ.ഐ.സ്കാനർ വാങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.കൂടാതെ,മറ്റു ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിന് പദ്ധതി വിഹിതം വകയിരുത്തിയിട്ടുണ്ട്. |
| ഇ) | മെഡിക്കൽ കോളേജുകളിലെയും സർക്കാർ ആശുപത്രികളിലെയും ഡോക്ടർമാരുടെ ക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ? | (ഇ) | ഉണ്ട്. പി.എസ്.സി മുഖേന സ്ഥിരം നിയമനം നൽകിയും താൽക്കാലികാടിസ്ഥാനത്തിലും നിയമാനുസരണം പ്രൊമോഷൻ നൽകിയും ഡോക്ടർമാരുടെ കുറവ് പരിഹരിക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 221 — 03-12-2008-ൽ മറുപടിയ്ക്ക്

### ഒരു വാർഡിൽ ഒരു കളിസ്ഥലം ഒരു പഞ്ചായത്തിൽ ഒരു മിനി സ്റ്റേഡിയം പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.എ.എം.യൂസഫ്:**<br>**ശ്രീ.കെ.കെ.ദിവാകരൻ:**<br>**ശ്രീ.എ.സി.മൊയ്തീൻ:**<br>**ശ്രീ.മഞ്ഞളാംകുഴി അലി:**<br>**ശ്രീ.പി.വിശ്വൻ:** | **ശ്രീ.എം.വിജയകുമാർ**<br>**(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി)** |
| (എ)<br>ഒരു വാർഡിൽ ഒരു കളിസ്ഥലം ഒരു പഞ്ചായത്തിൽ ഒരു മിനി സ്റ്റേഡിയം പദ്ധതി അനുസരിച്ച് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ; | (എ)<br>പഞ്ചായത്തിൽ ഒരു സ്റ്റേഡിയം വാർഡിൽ ഒരു കളിസ്ഥലം എന്ന പദ്ധതി പ്രാവർത്തികമാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് മാച്ചിംഗ് ഗ്രാന്റ് നൽകുന്ന ഒരു പദ്ധതി നിലവിലുണ്ട്. പഞ്ചായത്തുകളിൽ നിന്നും അപേക്ഷ ലഭിയ്ക്കുന്നതനുസരിച്ച് കളിസ്ഥല സൗകര്യ വികസനത്തിനും, മിനി സ്റ്റേഡിയ നിർമ്മാണത്തിനുമാണ് സാമ്പത്തിക സഹായം നൽകി വരുന്നത്. ഇതിന്റെ നിർമ്മാണ ചുമതല ബന്ധപ്പെട്ട പഞ്ചായത്തുകളാണ് നിർവ്വഹിയ്ക്കുന്നത് |
| (ബി)<br>പദ്ധതി നടപ്പാക്കുന്നതിനായി ഇതിനകം എത്ര കോടി രൂപ അനുവദിച്ചു; | (ബി)<br>3 കോടി രൂപ അനുവദിച്ചു. |
| (സി)<br>ഈ പദ്ധതിക്കായി സ്പോർട്ട്സ് കൗൺസിൽ മുഖാന്തിരം ധനസഹായം നൽകുന്നുണ്ടോ ; | (സി)<br>നൽകുന്നുണ്ട്. |
| (ഡി)<br>പദ്ധതി എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ? | (ഡി)<br>ഇത് ഒരു തുടർ പദ്ധതിയാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 222 03.12.2008 ൽ മറുപടിക്ക്

## ഹെൽത്ത് ഇൻഫർമേഷൻ പ്രോജക്ടിന്റെ ലക്ഷ്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്;<br>ശ്രീ. രാജു എബ്രഹാം ;<br>ശ്രീ. കെ.ടി. ജലീൽ;<br>ശ്രീ. വി.എൻ.വാസൻ ;<br>പ്രൊഫ. സി രവീന്ദ്രനാഥ് | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

| | | |
|---|---|---|
| എ) | സംസ്ഥാനത്ത് ആരോഗ്യവകുപ്പിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഹെൽത്ത് ഇൻഫർമേഷൻ പ്രോജക്ടിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; പ്രോജക്ടിന്റെ ഇതുവരെയുള്ള പ്രവർത്തന പുരോഗതി വിശദമാക്കുമോ; | (എ) കേരളത്തിലെ വ്യത്യസ്ത ആരോഗ്യ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട സാങ്കേതിക വിവരങ്ങളുടെ ശേഖരണവും, അവ ആരോഗ്യവകുപ്പ് തലത്തിൽ എത്തിക്കുകയും ചെയ്യുക എന്നതാണ് ഈ പ്രോജക്ടിന്റെ ലക്ഷ്യം. ഇതിനാവശ്യമായ സാങ്കേതിക വിവരശേഖരണം ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരെയും പഠിപ്പിക്കുക എന്നതും ഈ പ്രോജക്ടിന്റെ ഭാഗമാണ്. ഈ പ്രോജക്ടിന്റെ സോഫ്ട്വെയർ സമ്പാദിക്കുക ഡയറക്ടറേറ്റ് മുതൽ പി.എച്ച്. സി വരെയുള്ള എല്ലാ ആരോഗ്യ കേന്ദ്രങ്ങളെയും, കമ്പ്യൂട്ടർ ശൃംഖലയിൽ ഉൾപ്പെടുത്തുക, ശേഖരിക്കുന്ന വിവരങ്ങളുടെ സംസ്ഥാനതല സംയോജനം ഉറപ്പുവരുത്തുക എന്നതും പ്രോജക്ടിൽ വിഭാവനം ചെയ്യുന്നു. |
| ബി) | സംസ്ഥാനത്ത് ഏതൊക്കെ ജില്ലകളിലാണ് പദ്ധതി ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്; | (ബി) &(സി) സംസ്ഥാനത്തെ 14 ജില്ലകളിലും പദ്ധതി നടപ്പിലാക്കി വരുന്നു. |
| സി) | സംസ്ഥാനത്ത് ഒട്ടാകെ പദ്ധതി വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; | |
| ഡി) | ഈ പദ്ധതിക്ക് ആവശ്യമായ ധനസഹായം എവിടെ നിന്നെല്ലാം ലഭിക്കുന്നുണ്ടെന്ന് വിശദീകരിക്കുമോ ? | (ഡി) ഈ പദ്ധതിയ്ക്കാവശ്യമായ ധനസഹായം നാഷണൽ റൂറൽ ഹെൽത്ത് മിഷനിൽ നിന്നാണ് ലഭിക്കുന്നത്. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 223 — 03.12.2008 -ൽ മറുപടിക്ക്

## വെള്ളക്കര വർദ്ധന

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദു റഹിമാൻ രണ്ടത്താണി<br>,, യു.സി. രാമൻ | ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം വെള്ളക്കരം എത്ര തവണ വർദ്ധിപ്പിച്ചുവെന്ന് വെളിപ്പെടുത്തുമോ; | (എ) ഒരു തവണ |
| (ബി) വർദ്ധനവിന്റെ തോതും വർദ്ധിപ്പിക്കാനിടയായ സാഹചര്യവും വെളിപ്പെടുത്തുമോ; | (ബി) വിവിധ വിഭാഗം ഉപഭോക്താക്കളിൽ നിന്നും അവരുടെ പ്രതിമാസ ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള സ്ലാബുകളിന്മേൽ 20% മുതൽ 138% വരെ വർദ്ധനവാണ് വരുത്തിയിട്ടുള്ളത്. 1999 നു ശേഷം അതോറിറ്റിയുടെ ജല ശുദ്ധീകരണ പ്രവർത്തന പരിപാലന ചെലവുകൾ ഗണ്യമായി വർദ്ധിച്ചതും വിദ്യുത്ശക്തി ചാർജ്ജിനത്തിലുണ്ടായ വർദ്ധനവും ശുദ്ധീകരണത്തിനാവശ്യമായ അസംസ്കൃത പദാർത്ഥങ്ങളുടെ വിലയിലുണ്ടായ വർദ്ധനവും ജീവനക്കാർക്ക് അനുവദിച്ച ശമ്പള പരിഷ്കരണം മൂലമുണ്ടായ സാമ്പത്തിക ഭാരം എന്നീ കാരണങ്ങളാലാണ് വാട്ടർ താരിഫ് വർദ്ധിപ്പിച്ചത് |

| | | |
|---|---|---|
| (സി) | വെള്ളക്കരം ഇതിന് മുമ്പ് എന്നാണ് അവസാനമായി വർദ്ധിപ്പിച്ചതെന്നും, അന്ന –– ത്തെ വർദ്ധനവിന്റെ തോതും വ്യക്തമാക്കുമോ? | (സി) 1. 04 1999 ലാണ് അതോറിറ്റി ഇതിന് മുമ്പ് വാട്ടർ ചാർജ്ജ് പുനർ നിർണയം ചെയ്തത്. അന്ന് നിലവിലുണ്ടായിരുന്ന വാട്ടർ ചാർജ്ജിനുമേൽ 33% മുതൽ 100% വരെ വർദ്ധനവാണുണ്ടായത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ : 224

03.12.2008 - ൽ
മറുപടിക്ക്

## കരകൗശല വികസന കോർപ്പറേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.സി. മൊയ്തീൻ<br>,, വി. ചെന്താമരാക്ഷൻ<br>,, എം. ഹംസ<br>,, കെ.വി. കുഞ്ഞിരാമൻ<br>,, ടി.പി.കുഞ്ഞുണ്ണി | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) കരകൗശല വികസന കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (എ) കരകൗശല സംരംഭകർക്ക് അവരുടെ ഉല്പന്നങ്ങൾ കോർപ്പറേഷന്റെ കീഴിലുള്ള 17 വില്പനശാലകൾ വഴി വിറ്റഴിക്കാനുള്ള അവസരമാണ് ഇപ്പോഴുള്ളത്. വിപണന ശൃംഖല വിപുലീകരിക്കുന്നതിന്റെ ഭാഗമായി നവി മുംബയിലെ കേരള ഹൗസിലും തിരുവനന്തപുരം ഇൻർനാഷണൽ എയർപോർട്ടിലും പുതിയ വില്പനശാലയ്ക്ക് സ്ഥലം അനുവദിച്ച് കിട്ടിയിട്ടുണ്ട്. അവയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ കേരളത്തിലെ മറ്റ് എയർപോർട്ടുകളിലും എറണാകുളത്തെ വൈറ്റിലയിലും കുമളിയിലും പുതിയ ഷോറൂം ആരംഭിക്കാനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ന്യൂഡൽഹി, ബാംഗ്ളൂർ എന്നിവിടങ്ങളിലെ ഷോറൂമുകൾ നവീകരിച്ചു. കോർപ്പറേഷന്റെ വില്പനശാലകളുടെ കമ്പ്യൂട്ടറൈസേഷൻ ആരംഭിച്ചു. തിരുവല്ല, കോഴിക്കോട് എന്നിവിടങ്ങളിലെ വില്പനശാലകൾ കൂടുതൽ മെച്ചപ്പെട്ട സ്ഥലത്തേയ്ക്ക് മാറ്റാൻ നടപടി സ്വീകരിച്ചു. തിരുവനന്തപുരത്ത് അട്ടകുളങ്ങരയിൽ പ്രവർത്തിക്കുന്ന കോമൺ ഫെസിലിറ്റി സർവീസ് സെന്ററിന്റെ (CFSC) നവീകരണം പൂർത്തിയായി വരുന്നു. എക്സ്പോർട്ട് സെയിൽസ് പുനഃരാരംഭിക്കുവാൻ സാധിച്ചിട്ടുണ്ട്. NBCFDC 2006-07, 2007-08 എന്നീ വർഷങ്ങളിൽ ലോൺ വിതരണത്തിന് 75 ലക്ഷം രൂപയുടെ ധനസഹായം നൽകി. വിവിധ പദ്ധതികൾക്കായി സംസ്ഥാന സർക്കാർ 2007-08 - ൽ 30 ലക്ഷം രൂപയും 2008-09 - ൽ 50.20 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. |

(ബി) ഇതിന്റെ ഫലമായി കഴിഞ്ഞ വർഷങ്ങളിൽ ലാഭമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ബി) ഉണ്ട്. കോർപ്പറേഷന്റെ താത്ക്കാലിക കണക്ക് പ്രകാരം 2006-07 ൽ 28.22 ലക്ഷം രൂപയും 2007-08 - ൽ 38.91 ലക്ഷം രൂപയും ലാഭം ഉണ്ടാക്കിയിട്ടുണ്ട്.

(സി) കരകൗശല ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്;

(സി) കരകൗശല ഉല്പന്നങ്ങളുടെ നിലവിലുള്ള ഷോറൂമുകളിൽ കൂടി വില്പന നടത്തുന്നതിന് പുറമേ തിരുവനന്തപുരത്തും, എറണാകുളത്തും കണ്ണൂരിലും വിപുലമായ ക്രാഫ്റ്റ് ബസാറുകളും ഇൻഡ്യയിൽ വിവിധ പട്ടണങ്ങളിൽ വില്പന മേളകളും സംഘടിപ്പിച്ചു വരുന്നു. കരകൗശല ഉല്പന്നങ്ങളോടൊപ്പം കൈത്തറി, ഖാദി, കയർ , സുഗന്ധ വ്യഞ്ജനങ്ങൾ , കശുവണ്ടി, സിൽക്ക് എന്നീ പരമ്പരാഗത ഉത്പന്നങ്ങളും കോർപ്പറേഷന്റെ വിപണനശാലകൾ വഴി വിറ്റഴിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി കയർ കോർപ്പറേഷൻ, ഹാൻവീവ് എന്നീ സ്ഥാപനങ്ങളുമായി കരാർ ഉറപ്പിച്ച് വില്പന ആരംഭിച്ചു കഴിഞ്ഞു. കയറ്റുമതി പുനരാരംഭിച്ചു. യന്ത്രവത്കൃത ഉത്പാദന പ്രക്രിയ ആരംഭിച്ച് കഴിഞ്ഞു.

(ഡി) കരകൗശല ഉത്പന്നങ്ങളുടെ ഷോറൂമുകൾ കേരളത്തിന് പുറത്ത് എവിടെയെല്ലാം പ്രവർത്തിക്കുന്നു;

(ഡി) കോയമ്പത്തൂർ, ഊട്ടി, കൊടൈക്കനാൽ, ചെന്നൈ, ബാംഗ്ളൂർ, ഗോവ, ന്യൂഡൽഹി എന്നിവിടങ്ങളിലാണ് ഇപ്പോൾ കേരളത്തിന് പുറത്ത് ഷോറൂമുകൾ പ്രവർത്തിക്കുന്നത്.

(ഇ) കരകൗശല ഉത്പന്നങ്ങളുടെ വിപണത്തിന് ടൂറിസവുമായി ബന്ധപ്പെടുത്തി പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുമോ?

(ഇ) പരമ്പരാഗത കേരള ഉത്പന്നങ്ങളായ പറ, ഉരുളി, ആഭരണപ്പെട്ടി എന്നിവയുടെ ചെറു രൂപങ്ങൾ ടൂറിസം വകുപ്പ് രൂപകല്പന ചെയ്ത പ്രകാരം കോർപ്പറേഷൻ നിർമ്മിച്ച് നൽകിയിരിക്കുകയാണ് പ്രധാനമായും വിദേശികളെ ഉദ്ദേശിച്ചാണ് ഇത് നിർമ്മിച്ചിരിക്കുന്നത്. ഇവയുടെ വ്യാവസായികാടിസ്ഥാനത്തിലുള്ള ഉത്പാദനം ഉടൻ ആരംഭിക്കുന്നതാണ്. ടൂറിസം വകുപ്പിന്റെ ഹോട്ടലുകളിൽ കരകൗശല വികസന കോർപ്പറേഷന്റെ പരസ്യ സ്റ്റാളുകൾ (ക്വിയോസ്ക്) സ്ഥാപിക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു. ടൂറിസം വകുപ്പ് ഏറ്റെടുത്ത് നടത്തുന്ന 'അർബൺ ഹട്ട്' മാതൃകയിലുള്ള പദ്ധതിയുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 225 | 03.12.2008 ൽ മറുപടിക്ക്

### പഴങ്ങളിലും പച്ചക്കറികളിലും ചേർക്കുന്ന രാസവസ്തുക്കൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.സി.വിഷ്ണുനാഥ്;<br>പ്രൊഫ. കെ.വി.തോമസ്: | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | പഴങ്ങളും പച്ചക്കറികളും കേടുകൂടാതെ സൂക്ഷിക്കുന്നതിനായി വിഷാംശം കലർന്ന രാസപദാർത്ഥങ്ങൾ പുരട്ടി സംസ്ഥാനത്ത് വിൽക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| ബി) | ഇപ്രകാരമുള്ള കെമിക്കലുകളും മറ്റു പദാർത്ഥങ്ങളും ചേർക്കുന്നത് അവയുടെ പ്രഭവസ്ഥാനത്തു വച്ചാണോ, സംസ്ഥാനത്തെത്തിയതിനുശേഷമാണോ എന്ന് വ്യക്തമാക്കുമോ; | (ബി) | കേരളത്തിലെ മാർക്കറ്റിൽ വിൽക്കപ്പെടുന്ന പഴവർഗ്ഗങ്ങളായ ആപ്പിൾ, മുന്തിരി, മാങ്ങ എന്നിവ പ്രധാനമായും അന്യ സംസ്ഥാനങ്ങളിൽ നിന്നും എത്തുന്നവയാണ്. ആയതിനാൽ അനാരോഗ്യകരമായ ഇത്തരം പ്രവർത്തികൾ നടക്കുന്നത് അന്യസംസ്ഥാനത്താണ്. എന്നാൽ മാങ്ങ സംസ്കരണത്തിൽ കേരളത്തിൽ നടക്കുന്ന ദുഷ്പ്രവണത ഒഴിവാക്കുന്നതിനായി ഫുഡ് ഇൻസ്പെക്ടർമാർ പ്രത്യേക ശ്രദ്ധ ചെലുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| സി) | ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന ഇത്തരം പ്രവൃത്തികൾക്ക് പരിഹാരമെന്തെന്നു പറയുവാൻ കഴിയുമോ; | (സി) | അഖിലേന്ത്യാ തലത്തിൽ കർഷകരെ ബോധവൽക്കരിച്ച് നല്ല കൃഷിരീതികളും സംസ്കരണ രീതികളും പഠിപ്പിക്കുക എന്നതാണ് ഈ ദുഷ് പ്രവണതയ്ക്കുള്ള പരിഹാരമാർഗ്ഗം. |

| | | | |
|---|---|---|---|
| (ഡി) | ഇവയുടെ പ്രവേശസ്ഥാനത്തു വച്ചാണ് ഈ രാസപദാർത്ഥങ്ങൾ ചേർക്കുന്നതെങ്കിൽ അപ്രകാരമുള്ള പഴം പച്ചക്കറി വർഗ്ഗങ്ങൾ സംസ്ഥാനത്തേക്ക് കടത്തുന്നത് തടയാൻ സർക്കാർ നടപടി എടുക്കുമോ ? | (ഡി) | അന്യ സംസ്ഥാനങ്ങളിൽ നിന്നും ലോറികളിലും വാഗണുകളിലുമായിട്ടാണ് സംസ്ഥാനത്ത് പച്ചക്കറി, പഴവർഗ്ഗങ്ങൾ എന്നിവ എത്തുന്നത്. ഇവയിൽ [illegible] ഹാനികരമായ വസ്തുക്കൾ ഉണ്ടോ [illegible] വിശദമായ ലബോറട്ടറി പരിശോധനാ സംവിധാനം ആവശ്യമാണ്. എന്നാൽ ജില്ലാ അതിർത്തികളിൽ പരിശോധനാ സംവിധാനം ഒരുക്കുക എന്നത് പ്രായോഗികമല്ല. എന്നാൽ സംസ്ഥാനത്തെ മായം ചേർക്കൽ നിരോധന നിയമത്തിൻ കീഴിൽ പ്രവർത്തിക്കുന്ന മൂന്ന് ലബോറട്ടറികളിൽ വിശദമായ പരിശോധന നടത്തുന്നതിന് സംവിധാനങ്ങൾ ഉണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട<br>ചോദ്യം നമ്പർ 226 | 3.12.2008-ൽ<br>മറുപടിക്ക് |

## ബീഡി തൊഴിലാളികളുടെ പ്രശ്നങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.എച്ച്. കുഞ്ഞമ്പു:<br>ശ്രീ. പി. ജയരാജൻ<br>ശ്രീ. കെ.വി. കുഞ്ഞിരാമൻ<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ<br>ശ്രീമതി. കെ.കെ.ശൈലജ ടീച്ചർ | ശ്രീ. എളമരം കരീം<br>( വ്യവസായ വകുപ്പു മന്ത്രി) |
| എ) ബീഡി തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | എ) ബീഡിത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സർക്കാർ ഒരു കമ്മിറ്റിയെ നിയമിക്കുകയും പ്രസ്തുത കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായി തൊഴിൽ -വ്യവസായ മന്ത്രിമാരുടെ ഒരു സംയുക്തയോഗം ചേരുകയും ബീഡിത്തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതിനുള്ള നടപടികൾ ബീഡിത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ബീഡിത്തൊഴിലാളികളുടെ പുനരധിവാസത്തിന് സമഗ്രമായ ഒരു പദ്ധതി ആവിഷ്കരിക്കുന്നതിനായി പ്രധാനമന്ത്രി, കേന്ദ്ര വ്യവസായ മന്ത്രി, കേന്ദ്ര ധനകാര്യ വകുപ്പു മന്ത്രി എന്നിവർക്ക് മുഖ്യമന്ത്രി കത്തെഴുതാനും തീരുമാനിച്ചിട്ടുണ്ട്. |
| ബി) ബീഡി മേഖലയിൽ ഇപ്പോൾ എത്ര ആളുകൾ പണിയെടുക്കുന്നുണ്ട്; | ബി) കേരളത്തിൽ ബീഡി മേഖലയിൽ 1,36,416 പേർ പണിയെടുക്കുന്നുണ്ട്. |
| സി) ബീഡി തൊഴിലാളികളുടെ പെൻഷൻ പ്രായം കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ; | സി) തൊഴിലാളി ക്ഷേമനിധി പെൻഷൻ ലഭിക്കുന്നതിനുള്ള പ്രായപരിധി 60 ൽ നിന്നും 50 ആക്കുന്നതിന് വെൽഫയർ ഫണ്ട് ആക്ട് ഭേദഗതി ചെയ്യേണ്ടതായിട്ടുണ്ട്. തൊഴിൽ വകുപ്പാണ് ഇതിനായുള്ള നടപടി സ്വീകരിക്കേണ്ടത്. |
| ഡി) ബീഡി വ്യവസായ രംഗത്ത് തൊഴിൽ നഷ്ടപ്പെടുന്നവരെ പുനരധിവസിപ്പിക്കുന്നതിനും സ്വയം തൊഴിൽ കണ്ടെത്തുന്നതിനുമുള്ള പദ്ധതികൾ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ? | ഡി) സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| ഇ) | ദിനേശ് ബീഡി പുനരുദ്ധാരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | ഇ) | ദിനേശ് ബീഡി സംഘത്തിന്റെ പുനരുദ്ധാരണത്തിനായി സംഘം പ്രവർത്തനങ്ങൾ വൈവിദ്ധ്യവത്കരിക്കുകയും അപ്രകാരം ദിനേശ് ഗാർമെന്റ്സ്, ദിനേശ് കറി പൗഡർ,ദിനേശ് അംബ്രല്ല എന്നീ പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിനു വേണ്ടി സർക്കാർ നാലുകോടി രൂപ അനുവദിക്കുകയും, ഇതുപയോഗിച്ച് ദിനേശ് ഗാർമെന്റ്സിന്റെ ഒരു യൂണിറ്റ് കണ്ണൂരിൽ താന എന്ന സ്ഥലത്ത് 2007 ജൂണിൽ ആരംഭിക്കുകയും ചെയ്തു. |
| എഫ്) | ദിനേശ് ഗാർമെന്റ്സിന്റെ പുതിയ ഗാർമെന്റ്സ് യൂണിറ്റുകൾ എവിടെ എല്ലാം ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ? | എഫ് | കണ്ണൂരിലെ താനയിൽ പ്രവർത്തിക്കുന്ന ദിനേശ് ഗാർമെന്റ്സിന്റെ യൂണിറ്റിനു പുറമെ പുതുതായി കണ്ണൂരിലെ ചാലയിലും കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗിലും യൂണിറ്റുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ആഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നംപർ 227 | 03.12..2008 ൽ മറുപടിക്ക്

## ജപ്പാൻ കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോർജ്ജ് മേഴ്സിയർ | ശ്രീ. എൻ.കെ പ്രേമചന്ദ്രൻ (ജലവിഭവ വകുപ്പ് മന്ത്രി) |
| എ സംസ്ഥാനത്ത് വിവിധ ഭാഗങ്ങളിലായി നടപ്പിലാക്കി വരുന്ന ജപ്പാൻ കുടിവെള്ള പദ്ധതിയുടെ കരാർ കാലാവധി എന്നുവരെയാണെന്ന് അറിയിക്കാമോ ; | സംസ്ഥാനത്ത് ജപ്പാൻ ബാങ്കിന്റെ സഹായത്തോടെ നടപ്പിലാക്കിവരുന്ന അഞ്ചു പദ്ധതികൾക്കുമായി ഇതുവരെ 21 കരാറുകൾ ആണ് നൽകിയിട്ടുള്ളത്. ഈ കരാറുകൾ വിവിധ കാലയളവുകളിലേയ്ക്കാണ് നൽകിയിട്ടുള്ളത്. വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി ഈ പദ്ധതി എപ്പോൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് അറിയിക്കാമോ ; | ചേർത്തല പദ്ധതി 2009 നവംബറിലും തിരുവനന്തപുരം , മീനാട് പദ്ധതികൾ 2009 ഡിസംബറിലും പട്ടുവം, കോഴിക്കോട് പദ്ധതികൾ 2010 ജൂണിലും പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. തിരുവനന്തപുരം, കോഴിക്കോട് പദ്ധതികളുടെ റീഹാബിലിറ്റേഷൻ പണികൾ 2010 ഡിസംബറിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| സി ഈ പദ്ധതി കാലാവധി തീരും മുമ്പ് പൂർത്തീകരിക്കുവാൻ കഴിയാത്തത് എന്തു കാരണത്താലാണെന്ന് അറിയിക്കാമോ ; | പദ്ധതിക്കു വേണ്ട സ്ഥലമെടുപ്പിൽ വന്ന കാലതാമസം , വിവിധ വകുപ്പുകളിൽ (റയിൽവേ, പി.ഡബ്ല്യൂ.ഡി., എൻ.എച്ച്., കെ.എസ്.റ്റി.പി., കെ.ആർ.എഫ്.ബി. മുതലായവ) നിന്ന് അനുമതി ലഭിക്കാൻ വന്ന കാലതാമസം, കരാറുകാർ പണിക്കാവശ്യമായ പൈപ്പുകളും മറ്റു സാമഗ്രികളും വാങ്ങുന്നതിനും ഇറക്കുമതി ചെയ്യുന്നതിനും വന്ന കാലതാമസം , പ്രതികൂല കാലാവസ്ഥ , തൊഴിൽ തർക്കങ്ങൾ മുതലായവയാണ് കരാർ നൽകിയപ്പോൾ നിശ്ചയിച്ചിരുന്ന കാലാവധിക്കുള്ളിൽ പണികൾ പൂർത്തീകരിക്കാൻ സാധിക്കാത്തതിനുള്ള പ്രധാന കാരണങ്ങൾ |

| | | |
|---|---|---|
| ഡി | കരാർ കാലാവധി നീട്ടുന്നതു മൂലമുള്ള അധിക സാമ്പത്തിക ബാദ്ധ്യത എത്രയെന്ന് അറിയിക്കാമോ ? | കരാർ കാലാവധി നീട്ടിക്കൊടുക്കുന്നതു മൂലമുള്ള അധിക സാമ്പത്തിക ബാദ്ധ്യത എത്രയെന്ന് കണക്കാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 228

03.12.2008 ൽ
മറുപടിക്ക്

## നഴ്സിംഗ് വിദ്യാഭ്യാസത്തിന് സംസ്ഥാനത്തുള്ള സൗകര്യങ്ങൾ

| ചോദ്യം : | മറുപടി : |
| --- | --- |
| ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ:<br>ശ്രീ.ബാബു എം. പാലിശ്ശേരി:<br>ശ്രീ.സി.എച്ച്. കുഞ്ഞമ്പു:<br>ശ്രീമതി. കെ.കെ. ലതിക:<br>ശ്രീമതി. കെ.എസ്. സലീഖ: | ശ്രീമതി. പി. കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ ക്ഷേമവും വകുപ്പു മന്ത്രി ) |
| (എ) നഴ്സിംഗ് വിദ്യാഭ്യാസത്തിന് സംസ്ഥാനത്തുള്ള സൗകര്യങ്ങൾ എന്തെല്ലാമാണ് എന്നറിയിക്കുമോ ; | (എ) സംസ്ഥാനത്ത് മൂന്നര വർഷം ദൈർഘ്യമുള്ള ജനറൽ നഴ്സിംഗ് കോഴ്സ് നടത്തുന്ന, 20 മുതൽ 60 വരെ സീറ്റുകളുള്ള 215 നഴ്സിംഗ് സ്കൂളുകളും നാലര വർഷം ദൈർഘ്യമുള്ള ബി.എസ്.സി. നഴ്സിംഗ് കോഴ്സ് നടത്തുന്ന 84 നഴ്സിംഗ് കോളേജുകളും; പോസ്റ്റ് ബേസിക് ബി.എസ്.സി. കോഴസ് നടത്തുന്ന അഞ്ചു കോളേജുകളും, എം.എസ്.സി. നഴ്സിംഗ് കോഴ്സ് നടത്തുന്ന മൂന്നു സർക്കാർ കോളേജുകളും സഹകരണ മേഖലയിൽ ഒരു കോളേജും പ്രവർത്തിക്കുന്നു. കൂടാതെ പോസ്റ്റ് ബേസിക് ഡിപ്ലോമ (സ്പെഷ്യാലിറ്റി) കോഴ്സും സ്വകാര്യ മേഖലയിൽ എം.എസ്.സി. നഴ്സിംഗ് കോഴ്സും ആരംഭിക്കുന്ന കാര്യവും സർക്കാർ പരിഗണിച്ചുവരുന്നു.. |
| (ബി) സ്വകാര്യ മേഖലയിലും സർക്കാർ മേഖലയിലും എത്ര നഴ്സിംഗ് സ്കൂളുകളും കോളേജുകളും ഉണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) സർക്കാർ മേഖലയിൽ 18 ജനറൽ നഴ്സിംഗ് സ്കൂളുകളും 5 ബി.എസ്.സി. നഴ്സിംഗ് കോളേജുകളും 3 എം.എസ്.സി. നഴ്സിംഗ് കോളേജുകളും പ്രവർത്തിക്കുന്നുണ്ട്. സ്വകാര്യ മേഖലയിൽ 197 ജനറൽ |

നഴ്സിംഗ് സ്കൂളുകളും 69 ബി. എസ്.സി. നഴ്സിംഗ് കോളേജുകളും 4 പോസ്റ്റ് ബേസിക്ക് ബി.എസ്.സി. നഴ്സിംഗ് കോളേജുകളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സർവ്വകലാശാലകൾക്കു കീഴിൽ 10 ബി.എസ്.സി. നഴ്സിംഗ് കോളേജുകളും ഒരു പോസ്റ്റ് ബേസിക്ക് ബി.എസ്.സി. നഴ്സിംഗ് കോളേജും സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ മേഖലയിൽ പുതുതുതായി നഴ്സിംഗ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടോ;

(സി) സ്വകാര്യ മേഖലയിൽ 6 ജനറൽ നഴ്സിംഗ് സ്കൂളുകളും 11 ബി.എസ്.സി. നഴ്സിംഗ് കോളേജുകളും സർവ്വകലാശാലകൾക്കു കീഴിൽ 3 ബി.എസ്.സി. നഴ്സിംഗ് കോളേജുകളും ഈ സർക്കാർ അധികാരത്തിൽവന്നശേഷം ആരംഭിച്ചിട്ടുണ്ട്.

(ഡി) നഴ്സിംഗ് കോളേജുകളിൽ പഠിപ്പിക്കുന്നതിന് യോഗ്യരായ അധ്യാപകരുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) നഴ്സിംഗ് കോളേജുകളിൽ പഠിപ്പിക്കുന്നതിന് യോഗ്യരായ അധ്യാപകരുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി കൂടുതൽ കോളേജുകളിൽ എം.എസ്.സി. നഴ്സിംഗ് കോഴ്സ് ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണിച്ചുവരുന്നു.

(ഇ) സ്വകാര്യ മേഖലയിലെ നഴ്സിംഗ് സ്കൂളുകളിലെയും കോളേജുകളിലെയും ഗുണനിലവാരം പരിശോധിക്കുതിനു നടപടി സ്വീകരിക്കുമോ ?

(ഇ) എല്ലാ വർഷവും സ്വകാര്യ മേഖലയിലെ നഴ്സിംഗ് സ്കൂളുകളിലും കോളേജുകളിലും പരിശോധന നടത്തി ഇന്ത്യൻ നേഴ്സിംഗ് കൗൺസിലിന്റെയും കേരള നേഴ്സിംഗ് കൗൺസിലിന്റെയും മാനദണ്ഡങ്ങൾ അനുസരിച്ചാണ് അവ പ്രവർത്തിക്കുന്നതെന്നുറപ്പാക്കി, കുറവുകളുണ്ടെങ്കിൽ അവ പരിഹരിച്ചതിനു ശേഷമേ കോഴ്സ് നടത്താൻ അനുവാദം നൽകാറുള്ളൂ.

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 229** **03/12/2008-ൽ മറുപടിയ്ക്ക്**

<u>മന്ത് രോഗ നിർമ്മാർജ്ജനം</u>

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എ.എ.അസീസ്** | **ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)** |

| | |
|---|---|
| (എ) മന്ത് രോഗ നിർമ്മാർജ്ജനത്തിനായി ആരോഗ്യ വകുപ്പ് വീടുകളിൽ വിതരണം ചെയ്ത ഗുളികകൾ ഒരു ഡോക്ടറുടെ നിരീക്ഷണത്തിലാണ് കഴിക്കേണ്ടതെന്ന് വിദഗ്ദ്ധ ഡോക്ടർമാർ അഭിപ്രായപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) മന്ത് രോഗ നിർമ്മാർജ്ജനത്തിനായി ആരോഗ്യ വകുപ്പ് വീടുകളിൽ വിതരണം ചെയ്ത ഗുളികകൾ ഒരു ഡോക്ടറുടെ നിർദ്ദേശത്തിലാണ് കഴിക്കേണ്ടത് എന്ന് വിദഗ്ദ്ധ ഡോക്ടർമാർ അഭിപ്രായപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഈ ഗുളികകൾ ദേശീയ മന്തു നിവാരണ പ്രോഗ്രാം ആയി ലോകാരോഗ്യ സംഘടനയുടെ സാങ്കേതിക ഉപദേശത്തോടുകൂടി നൽകിയിട്ടുള്ളതാണ്. |
| (ബി) എങ്കിൽ ഡോക്ടർമാരുടെ നിരീക്ഷണത്തിലല്ലാതെ നല്കിയ ഗുളികകളുടെ പാർശ്വ ഫലങ്ങളെപ്പറ്റി നിരീക്ഷിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ? | (ബി) ഡി.ഇ.സി., ആൽബൻഡസോൾ എന്നീ രണ്ടു ഗുളികകളാണ് മന്ത് രോഗ നിവാരണദിനത്തിൽ നൽകിവരുന്നത്. ഡി.ഇ.സി. ഗുളികകൾ സുരക്ഷിതമാണെങ്കിലും മന്ത്രോഗ വിരയുടെ (മൈക്രോ ഫൈലേറിയ) സാന്നിദ്ധ്യമുള്ള ആളുകൾ ഈ ഗുളികകൾ കഴിക്കുമ്പോൾ പനി ഉണ്ടാകാറുണ്ട്. ഇത് ശരീരത്തിന്റെ ഒരു പ്രതിപ്രവർത്തനമാണ്. ഇത് ഒരു നല്ല ലക്ഷണമായി ആണ് കാണേണ്ടത്. ഗുരുതരമല്ലാത്ത പാർശ്വഫലങ്ങളായ ഛർദ്ദി, മനംപുരട്ടൽ, ക്ഷീണം മുതലായവ ചില വ്യക്തികളിൽ കാണാറുണ്ട്. ഇതിന് പ്രത്യേക ചികിത്സ വേണ്ടിവരാറില്ല. എന്നിരുന്നാലും ചികിത്സയുടെ ഭാഗമെന്ന നിലയിൽ അധിക സംരക്ഷണം കണക്കിലെടുത്ത് മേൽപ്പറഞ്ഞ ലക്ഷണങ്ങൾ കാണുന്നവരെ പ്രത്യേകം നിരീക്ഷിക്കുവാനും അവർക്ക് വേണ്ട വൈദ്യസഹായം ലഭ്യമാക്കാനും ആരോഗ്യ വകുപ്പ് എല്ലാവിധ സജ്ജീകരണങ്ങളും ഗുളികവിതരണ സമയത്ത് എടുത്തിരുന്നു. ആൽബെൻഡസോൾ ഗുളിക പാർശ്വഫലങ്ങളില്ലാത്തതാണ്. ഡോക്ടർമാരുടെ നേതൃത്വത്തിൽ സഞ്ചരിക്കുന്ന പ്രത്യേക ടീമിനെ (റാപ്പിഡ് റെസ്പോൺസ് ടീമുകൾ) ഓരോ ജില്ലകളിലും സജ്ജീകരിച്ചിരുന്നു. കൂടാതെ എല്ലാ ആശുപത്രികളിലും പാർശ്വ ഫലമുള്ള ആളുകളെ ചികിത്സിക്കുവാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിരുന്നു. |

K.S.Sudha

**സെക്ഷൻ ഓഫീസർ**

# പന്ത്രണ്ടാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 230 — 03.12.2008-ൽ മറുപടിക്ക്

## മഴവെള്ള സംഭരണത്തിനുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ഇ.എസ്. ബിജിമോൾ<br>ശ്രീ. എൻ. രാജൻ<br>ശ്രീ. രാജാജി മാത്യു തോമസ്<br>ശ്രീ. എ.കെ. ചന്ദ്രൻ | ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) മഴവെള്ള സംഭരണത്തിനുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) കേന്ദ്ര ഗവൺമെന്റിന്റെ മഴവെള്ള സംഭരണ പദ്ധതിയായ 'വർഷ' പദ്ധതി കേരള വാട്ടർ അതോറിറ്റി മുഖേന സംസ്ഥാനത്ത് നടപ്പാക്കി വരുന്നു. കൂടാതെ ജലനിധി മുഖേന കുട്ടനാട് പാക്കേജിൽ 10 കോടി രൂപയുടെ പദ്ധതിയും സമഗ്ര മഴവെള്ള സംഭരണ ഭൂജല പരിപോഷണ പ്രവർത്തനങ്ങൾക്കായി 100.11 കോടി രൂപയുടെ പദ്ധതിയും കേന്ദ്ര സഹായ ലഭ്യതക്കായി സമർപ്പിച്ചിട്ടുണ്ട്.<br>കുട്ടനാട് പാക്കേജിൽ 4200 ഓളം മഴവെള്ള സംഭരണികളുടെ നിർമ്മാണം, പ്രചാരണ പ്രവർത്തനങ്ങൾ, പരിശീലനം എന്നിവയാണ് വിഭാവനം ചെയ്തിട്ടുള്ളത്.<br>സമഗ്ര മഴവെള്ള സംഭരണ പദ്ധതി 5 വർഷത്തേക്കാണ് വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതിയിൽ 10,000 മഴവെള്ള സംഭരണികൾ, കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലെയും കിണർ പുനരുജ്ജീവനം (1,25,000 എണ്ണം) മറ്റ് പ്രാദേശിക ജലസ്രോതസ്സുകളുടെ പുനരുജ്ജീവനം, പ്രചാരണ പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. |

(സി) ഈ പദ്ധതികൾക്ക് കേന്ദ്ര സഹായം പ്രതീക്ഷിക്കുന്നുണ്ടോ; എങ്കിൽ എത്ര;

(സി) ഉണ്ട്. രണ്ട് പദ്ധതികൾക്കും മൊത്തം 110.11 കോടി രൂപയുടെ കേന്ദ്ര സഹായം പ്രതീക്ഷിക്കുന്നു.

(ഡി) പാഴായിപ്പോകുന്ന മഴവെള്ളം ഉപയോഗപ്രദമാക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ഇപ്പോൾ നടപ്പാക്കി വരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ?

(ഡി) മഴവെള്ള സംഭരണ പദ്ധതിയായ 'വർഷ' കേന്ദ്ര സഹായത്തോടെ നടപ്പാക്കി വരുന്നു. മഴവെള്ള സംഭരണ പ്രചാരണ പരിപാടി വഴി പ്രചാരണ പ്രവർത്തനങ്ങളും മഴവെള്ള സംഭരണികളുടെ നിർമ്മാണവും നടത്തി വരുന്നു. ഇതുവരെ 10,000 ലിറ്റർ സംഭരണ ശേഷിയുള്ള 470 സംഭരണികളും 25,000 ലിറ്റർ സംഭരണ ശേഷിയുള്ള 126 സംഭരണികളും പണികഴിപ്പിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ എല്ലാ സർക്കാർ മെഡിക്കൽ കോളേജുൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ മഴവെള്ള സംഭരണികൾ നിർമ്മിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 231 | | 03.12.2008 -ൽ മറുപടിയ്ക്ക് |
|---|---|---|
| **സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ ജെൻഡർ അഡ്വൈസറി ബോർഡ്** | | |
| ചോദ്യം | | ഉത്തരം |
| **ശ്രീമതി.കെ.കെ. ലതിക<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീമതി.കെ. എസ്. സലീഖ** | | **ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)** |
| (എ) | സംസ്ഥാനത്ത് സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ ജെൻഡർ അഡ്വൈസറി ബോർഡ് രൂപീകരിച്ചിട്ടുണ്ടോ; | എ) ഉണ്ട് |
| (ബി) | ബോർഡിന്റെ ഘടന എങ്ങനെയാണ്; | (ബി)സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി ചെയർപേഴ്സണായി രൂപീകരിച്ചിട്ടുള്ള ജെൻഡർ അഡ്വൈസറി ബോർഡിൽ താഴെപ്പറയുന്നവർ അംഗങ്ങളാണ്.<br><br>(1) സെക്രട്ടറി, സാമൂഹ്യക്ഷേമ വകുപ്പ്<br>(2) പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്<br>(3) പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്<br>(4) പ്രിൻസിപ്പൽ സെക്രട്ടറി, പട്ടിക ജാതി/പട്ടിക വർഗ്ഗ വികസന വകുപ്പ്<br>(5) സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്<br>(6) സെക്രട്ടറി, ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്<br>(7) സെക്രട്ടറി, ഫിഷറീസ് വകുപ്പ്<br>(8) സെക്രട്ടറി, നിയമ വകുപ്പ്<br>(9) മെമ്പർ, സംസ്ഥാന ആസൂത്രണ ബോർഡ്<br>(10) മെമ്പർ കേരള വനിതാ കമ്മീഷൻ<br>(11) ഡയറക്ടർ ജനറൽ ഓഫ് പോലീസ്, കേരള |

(12) എക്സിക്യൂട്ടീവ് ഡയറക്ടർ,
കുടുംബശ്രീ മിഷൻ

(13) ഡയറക്ടർ, കയർ വികസനം

(14) മാനേജിംഗ് ഡയറക്ടർ, കേരള
സംസ്ഥാന കശുവണ്ടി വികസന
കോർപ്പറേഷൻ

(15) ചെയർപേഴ്സൺ, കേരള
സംസ്ഥാന വനിതാ വികസന
കോർപ്പറേഷൻ

(16) അഡ്വൈസർ (ജെൻഡർ),
സാമൂഹ്യക്ഷേമ വകുപ്പ് - കൺവീനർ

(17) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന 5
അനൗദ്യോഗിക അംഗങ്ങൾ ( ഇതിൽ
രണ്ടുപേർ സംസ്ഥാന നിയമസഭയിലെ
വനിതാ എം.എൽ.എ മാർ ആയിരിക്കും)

സംസ്ഥാന ആസൂത്രണ ബോർഡ് അംഗമെന്ന നിലയിൽ ഡോ. മൃദുൽ ഈപ്പനും വനിതാ കമ്മീഷൻ അംഗം എന്ന നിലയിൽ ശ്രീമതി.പി.കെ.സൈനബയും ജെൻഡർ അഡ്വൈസറി ബോർഡിൽ അംഗങ്ങളാണ്. വനിതാ എം.എൽ.എ.മാരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്ത അംഗങ്ങൾ താഴെ പറയുന്നവരാണ്.

(1) ശ്രീമതി.കെ.കെ. ശൈലജ ടീച്ചർ,
എം.എൽ.എ.

(2) ശ്രീമതി. ഇ.എസ്. ബിജിമോൾ
എം.എൽ.എ.

കൂടാതെ അനൗദ്യോഗിക അംഗമായി താഴെ പറയുന്നവരെയും നാമനിർദ്ദേശം ചെയ്തിട്ടുണ്ട്.

ഡോ.ടി.എൻ.സീമ, 42/366 (1),
തിരുവനന്തപുരം - 8.

| | | |
|---|---|---|
| (സി) | ബോർഡിന്റെ ചുമതലകൾ എന്തെല്ലാമാണ്; | (സി) ജെൻഡർ അഡ്വൈസറി ബോർഡിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളും ചുമതലകളും ചുവടെ ചേർക്കുന്നു:<br><br>എ) വിവിധ വകുപ്പുകളിലൂടെ നടപ്പിലാക്കിവരുന്ന വികസന പരിപാടികളിൽ സ്ത്രീകൾക്ക് പ്രത്യേക പരിഗണന ഉറപ്പാക്കുക.<br>ബി) സ്ത്രീകൾക്ക് പ്രത്യേകം ഗുണം നൽകുന്നതും വേർതിരിച്ച് വകയിരുത്താവുന്നതുമായ സ്കീമുകൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതികളിലും വിവിധ വകുപ്പുകളുടെ സംസ്ഥാന പദ്ധതികളിലും ഉൾപ്പെടുത്തുക. ഇതിനായി വാർഷിക പദ്ധതിയുടെ 10 ശതമാനമെങ്കിലും തുക വകയിരുത്തുമെന്ന് ഉറപ്പുവരുത്തുക.<br>സി) ജെൻഡർ ഓഡിറ്റിംഗ് നടത്തുക<br>ഡി) സ്ത്രീശാക്തീകരണവും വനിതാ വികസനവും ലക്ഷ്യംവച്ചുകൊണ്ട് വിവിധ സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും ആഭിമുഖ്യത്തിൽ നടത്തുന്ന പരിപാടികളും പ്രവർത്തനവും വിലയിരുത്തുകയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും കൂടുതൽ ഏകോപനം ഉണ്ടാക്കുന്നതിനുമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക.<br>ഇ) മറ്റു നിർദ്ദേശിക്കപ്പെട്ട ചുമതലകൾ കൈകാര്യം ചെയ്യുക. |

| | | |
|---|---|---|
| (ഡി) | സ്ത്രീ ശാക്തീകരണത്തിനും വികസനത്തിനും അഡ്വൈസറി ബോർഡിന് ഫലപ്രദമായി ഇടപെടാൻ കഴിയുന്നുണ്ടോ; | (ഡി) 01.11.2008-ലെ സർക്കാർ ഉത്തരവു പ്രകാരമാണ് ജെൻഡർ അഡ്വൈസറി ബോർഡ് രൂപീകരിച്ചിട്ടുള്ളത്. ജെൻഡർ അഡ്വൈസറി ബോർഡിന്റെ ഒന്നാമത്തെ യോഗം 28.11.2008ൽ ചേരുകയുണ്ടായി. സ്ത്രീ ശാക്തീകരണത്തിനും വികസനത്തിനും അഡ്വൈസറി ബോർഡിന് ഫലപ്രദമായി ഇടപെടാൻ കഴിയുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതാണ്. |
| (ഇ) | സ്ത്രീകൾക്കായി എല്ലാ വകുപ്പുകളിലും പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ ബോർഡ് നൽകുമോ എന്ന് വ്യക്തമാക്കുമോ? | (ഇ) സ്ത്രീകൾക്കായി എല്ലാ വകുപ്പുകളിലും പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക എന്നുള്ളത് ബോർഡിന്റെ പ്രധാനപ്പെട്ട ഉദ്ദേശ്യ ലക്ഷ്യങ്ങളിൽ ഒന്നാണ്. ഇതിനായി ഇപ്പോൾ നടന്നു വരുന്ന പദ്ധതികളുടെ വിശദ വിവരം ശേഖരിക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്. |

Mary Melanie Jettan

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്‍പതാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം:232 | 3.12.2008-ല്‍ മറുപടിക്ക് |
|---|---|

## മുള അധിഷ്ഠിത വ്യവസായം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.സി.കുഞ്ഞിരാമന്‍<br>ശ്രീ.സാജു പോള്‍<br>ശ്രീ.പി.കൃഷ്ണ പ്രസാദ്<br>ശ്രീ.ബി.ഡി.ദേവസ്സി | | ശ്രീ.എളമരം കരീം<br>(ബഹു.വ്യവസായ വകുപ്പ് മന്ത്രി) | |
| എ. | സര്‍ക്കാരിന്റെ വ്യവസായ വാണിജ്യ നയത്തിന്റെ ഭാഗമായി മുള അധിഷ്ഠിത വ്യവസായ രംഗം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികള്‍ എന്തെല്ലാമാണ്; | എ. | പൊതുമേഖലാ സ്ഥാപനമായ സംസ്ഥാന ബാംബൂ കോര്‍പ്പറേഷന്‍ മുള അധിഷ്ഠിതമായ വ്യവസായങ്ങള്‍ നടത്തി വരുന്നു. നാഷണല്‍ മിഷന്‍ ഓഫ് ബാംബൂ ആപ്ലിക്കേഷന്റെ (NMBA) സാങ്കേതിക സാമ്പത്തിക സഹായത്തോടു കൂടി നടത്തി വരുന്ന കോര്‍പ്പറേഷന്റെ പ്രവര്‍ത്തന വൈവിധ്യവല്‍ക്കരണത്തിന്റെ ഭാഗമായി ബാംബൂ ബോര്‍ഡ് ഫാക്ടറി ആധുനികവല്‍ക്കരിക്കുകയും മുള അടിസ്ഥാനമാക്കിയുള്ള ഫ്ളാറ്റന്റ് ബാംബൂ ബോര്‍ഡുകളുടെ നിര്‍മ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന് ആവശ്യമായ മുള സംസ്കരിച്ചെടുക്കുന്നതിനു വേണ്ടി പാലക്കാടും മാനന്തവാടിയിലും ഓരോ ഫീഡര്‍ യൂണിറ്റുകള്‍ ആരംഭിച്ചിട്ടുണ്ട്.<br>ഇതിലേക്കായി സംസ്ഥാന ബാംബൂ മിഷന്‍ ആവിഷ്കരിച്ച പദ്ധതികള്‍ താഴെ പ്രതിപാദിക്കുന്നു.<br>**മുള നഴ്സറി വികസനം**<br>മുള നഴ്സറി വികസനത്തിനുവേണ്ടി വനം വകുപ്പ് തിരുവനന്തപുരം, വയനാട്, പുനലൂര്‍, നാഗരംപാറ, അച്ചന്‍കോവില്‍, മലയാറ്റൂര്‍, |

| | | | |
|---|---|---|---|
| | | | മണ്ണാർക്കാട് എന്നീ 6 FDAകളെ തിരഞ്ഞെടുത്തിട്ടുണ്ട്. സംസ്ഥാന ബാംബൂ മിഷന് ഭാരത കാർഷിക വകുപ്പിന്റെ കീഴിലുള്ള നാഷണൽ ബാംബൂ മിഷനിൽ നിന്നും 2007-08 വർഷത്തിൽ ലഭിച്ചിട്ടുള്ള ഫണ്ടിൽ നിന്നും 61.90 ലക്ഷം രൂപ 30 ബാംബൂ നഴ്സറികളുടെ വികസനത്തിനും 6 FDAകൾക്കും 27.30 ലക്ഷം രൂപ കേരള ഫോറസ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷനും നൽകിയിട്ടുണ്ട്. അവർ സമർപ്പിച്ചിരിക്കുന്ന പ്ലാൻ പ്രകാരം ഏകദേശം 50,000 നടാൻ പാകമായ തൈകൾ ഓരോ നഴ്സറിയിൽ നിന്നും ഉൽപ്പാദിപ്പിക്കാവുന്നതാണ്. ഇതു കൂടാതെ കേരള വന ഗവേഷണ കേന്ദ്രം (KFRI) ഏകദേശം 1 ലക്ഷം നടാൻ പാകമായ തൈകൾ ഉൽപ്പാദിപ്പിക്കുവാൻ വേണ്ടി 5.46 ലക്ഷം രൂപ നൽകിയിട്ടുണ്ട്.<br>**മാന്വൽ ഓൺ ബാംബൂ കൾട്ടിവേഷൻ**<br>മുള ഉപയോഗിച്ച് ആയിരത്തിലധികം ഭംഗിയുള്ളതും ഉപയോഗപ്രദവുമായ ഉൽപ്പന്നങ്ങൾ ഉണ്ടാക്കാൻ കഴിയുമെന്ന് മനസ്സിലാക്കി മുളയുടെ ഉൽപ്പാദനത്തെ കുറിച്ച് NMBA, New Delhi ഒരു ലഘു ഗ്രന്ഥം പുറത്തിറക്കി. ഈ ലഘുഗ്രന്ഥം കെ-ബിപ്പ് മലയാളത്തിലേക്ക് തർജ്ജമ ചെയ്യുകയും NMBA വഴി പ്രസിദ്ധീകരിക്കുകയും ചെയ്തു. ഈ മലയാളം പതിപ്പ് കേരളത്തിലെ മുളയുമായി ബന്ധപ്പെട്ട വ്യവസായത്തിലേർപ്പെടുന്നവർക്ക് സഹായകരമായിരിക്കും. ഇപ്പോൾ ഈ ലഘു ഗ്രന്ഥം കെ-ബിപ്പ് വഴി ലഭ്യമാണ്.<br>**കേരള ബാംബൂ ഫെസ്റ്റ്**<br>2007 ഡിസംബർ മാസം കൊച്ചിയിൽ വച്ച് |

| | | | |
|---|---|---|---|
| | | | ബാംബൂ ഫെസ്റ്റ് നടത്തിയിട്ടുണ്ട്. ഇടുക്കി, വയനാട് ജില്ലകളിലെ കരകൗശല വിദഗ്ധർ, NGOs, ബാംബൂ, ഈറ്റ, തഴപ്പായ എന്നീ സ്ഥാപനങ്ങളിലുള്ളവർക്ക് അവരുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും സൗജന്യ താമസ സൗകര്യം ഏർപ്പെടുത്തുകയും ചെയ്തു. കേരളത്തിനു പുറമെ മറ്റു സംസ്ഥാനങ്ങളിൽ നിന്നുമുള്ള കരകൗശല വിദഗ്ധർ ഈ മേളകളിൽ പങ്കെടുത്തു. പ്രധാനമായും നമ്മുടെ വടക്കു കിഴക്കൻ സംസ്ഥാനങ്ങളായ ത്രിപുര, മിസ്സോറാം, ആസ്സാം, സിക്കിം തുടങ്ങിയ സംസ്ഥാനങ്ങളിലെ കരകൗശല വിദഗ്ധ തൊഴിലാളികളുമായി നമ്മുടെ സംസ്ഥാനത്തെ ഈ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് ചർച്ചകൾ നടത്തുവാനും, അവരുടെ ഉൽപ്പന്നങ്ങൾ കണ്ടു മനസ്സിലാക്കുവാനും അവസരം ഉണ്ടായി. കേരള ബാംബൂ ഫെസ്റ്റ് ഈ വർഷം ഡിസംബർ 11 മുതൽ 14 വരെ കൊച്ചിയിൽ സംഘടിപ്പിക്കുന്നുണ്ട്.<br><br><u>ന്യൂഡൽഹിയിൽ സംഘടിപ്പിച്ച ഇന്റർനാഷണൽ കോൺഫറൻസ് ഓൺ ബാംബൂ.</u><br><br>• ന്യൂഡൽഹിയിൽ 2006 ഏപ്രിൽ 15 മുതൽ 17 വരെ നാഷണൽ ബാംബൂ മിഷൻ നടത്തിയ അന്തർദേശീയ കോൺഫറൻസ് ഇംപ്രൂവ്മെന്റ് ഓഫ് ബാംബൂ പ്രൊഡക്റ്റിവിറ്റി ആന്റ് മാർക്കറ്റിംഗ് ഫോർ സസ്റ്റെയ്നബിൾ ലൈവ്ലിഹുഡിൽ സംസ്ഥാന ബാംബൂ മിഷൻ പ്രതിനിധീകരിച്ചിരുന്നു. സംസ്ഥാനത്ത് നിന്നുള്ള മുള കര കൗശലക്കാരെ സംസ്ഥാന ബാംബൂ മിഷൻ സ്പോൺസർ ചെയ്ത് കോൺഫറൻസിൽ പങ്കെടുപ്പിച്ചു. കേന്ദ്ര സർക്കാരിന്റെ കാർഷിക സഹകരണ |

| | | | |
|---|---|---|---|
| | | | മന്ത്രാലയത്തിന്റെ കീഴിലുള്ള നാഷണൽ ബാംബൂ മിഷനിൽ നിന്നും അനുവദിച്ച ഫണ്ട് ഉപയോഗിച്ചാണ് പങ്കെടുപ്പിച്ചത്. |
| ബി | നാഷണൽ ബാംബൂ മിഷൻ മുഖേന എന്തെല്ലാം സഹായങ്ങളാണ് ഈ മേഖലയിൽ ലഭിക്കുന്നത്; | ബി | സംസ്ഥാനത്ത് നാഷണൽ ബാംബൂ മിഷൻ മുഖേനയുള്ള സാമ്പത്തിക സാങ്കേതിക സഹായങ്ങൾ സ്റ്റേറ്റ് ബാംബൂ മിഷൻ ആണ് നടപ്പിലാക്കുന്നത്.<br>ഇന്ത്യാ ഗവൺമെന്റിന്റെ കീഴിലുള്ള കൃഷി മന്ത്രാലയത്തിന്റെ നാഷണൽ ബാംബൂ മിഷന്റെ സ്കീമുകൾ നടപ്പിലാക്കുവാനും അത് മോണിറ്റർ ചെയ്യുവാനും വേണ്ടി സംസ്ഥാനത്ത് സ്റ്റേറ്റ് ബാംബൂ സ്റ്റിയറിംഗ് കമ്മിറ്റി ഗവൺമെന്റ് രൂപീകരിച്ചു. നാഷണൽ ബാംബൂ മിഷന്റെ പരിപാടികൾ നടപ്പിലാക്കുന്നതിന് കേരളത്തിന്റെ ബാംബൂ ഡവലപ്പ്മെന്റ് ഏജൻസിയായി സംസ്ഥാന ബാംബൂ മിഷനെയാണ് നിയമിച്ചിരിക്കുന്നത്.<br>ദേശീയ ബാംബൂ മിഷന്റെ നിർദ്ദേശ പ്രകാരം സ്റ്റേറ്റ് ബാംബൂ മിഷൻ 2007-08ലെയും, 2008-09ലെയും സാമ്പത്തിക വർഷത്തിലേക്കുള്ള ബാംബൂ മേഖലയിലെ പദ്ധതികൾ ഭാരത സർക്കാരിന്റെ കാർഷിക മന്ത്രാലയത്തിന്റെ കീഴിലുള്ള നാഷണൽ ബാംബൂ മിഷനും സ്റ്റേറ്റ് ബാംബൂ സ്റ്റിയറിംഗ് കമ്മിറ്റി വഴി സമർപ്പിച്ചു. ഇതുപ്രകാരം കേരളത്തിൽ നാഷണൽ ബാംബൂ മിഷന്റെ 2007-08-ലെ വിവിധ പദ്ധതികളുടെ നടത്തിപ്പിനു വേണ്ടി 151 ലക്ഷം രൂപയും 2008-09 നു വേണ്ടി 45.58 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി | പുത്തൻ സാങ്കേതിക വിദ്യ പരിശീലിപ്പിക്കുന്നതിനും ഈ കർഷകരുടെ വൈദഗ്ധ്യം മെച്ചപ്പെടുത്തുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | സി | ബാംബൂ കോർപ്പറേഷന് പരിശീലന പരിപാടികളോ മുള കർഷകരുടെ വൈദഗ്ധ്യം മെച്ചപ്പെടുത്തുന്നതിനുള്ള ഉപാധികളോ ഇല്ല. എന്നാൽ ഈ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്കായി നൂതന സാങ്കേതിക വിദ്യകൾ ആവിഷ്കരിച്ച് വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നു. ഈറ്റ ഉപയോഗിച്ച് തൊഴിൽ ചെയ്യുന്ന പരമ്പരാഗത തൊഴിലാളികളുടെ ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനായി യന്ത്രം ഉപയോഗിച്ച് ഈറ്റയുടെ പൊളിയെടുക്കുന്ന പദ്ധതി സാമൂഹിക യന്ത്രവൽകൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങളിലൂടെ നടപ്പാക്കി വരികയാണ്.<br>മുളയുടെ ഉപയോഗവും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനും ലക്ഷ്യമിട്ട് 5 പ്രൈമറി പ്രോസസിംഗ് യൂണിറ്റുകൾ പ്രവർത്തനം ആരംഭിക്കുവാൻ ലക്ഷ്യമിടുകയും അതിൽ 2 എണ്ണം അതായത് ഒരെണ്ണം മാനന്തവാടിയിലും മറ്റൊന്ന് പാലക്കാട് തെങ്കുറിശ്ശിയിലും പ്രവർത്തനം പൂർണ്ണതോതിൽ ആരംഭിച്ചു കഴിഞ്ഞു. ഈ പ്രൈമറി പ്രോസസിംഗ് യൂണിറ്റുകളിലൂടെ മുള കഷണങ്ങളാക്കുന്നതിനും അതിൽ നിന്നും Strips (സ്ടീപ്സ്) ഉണ്ടാക്കി മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും കൂടാതെ ഈ പ്രോസസിംഗിലൂടെ ലഭിക്കുന്ന പൊടി ഉപയോഗിച്ച് BRIQUETTES ഉൽപ്പാദിപ്പിക്കുന്നതിനും സാധിക്കുന്നു.<br>ഇന്ത്യയിൽ രണ്ടാമതായി ഈ സാങ്കേതിക വിദ്യ ഉപയോഗിക്കുന്ന സംസ്ഥാനമാണ് കേരളം. |

| | | | |
|---|---|---|---|
| ഡി | വയനാട്ടിൽ ബാംബൂ കോർപ്പറേഷൻ ആരംഭിച്ച ബാംബൂ ഫീഡർ യൂണിറ്റ് ബാംബൂ കർഷകർക്ക് എത്ര മാത്രം പ്രയോജനം ചെയ്തിട്ടുണ്ട് എന്ന് പരിശോധിച്ചിട്ടുണ്ടോ; | ഡി | ബാംബൂ കോർപ്പറേഷൻ വയനാട്ടിൽ ആരംഭിച്ചിരിക്കുന്ന ഫീഡർ യൂണിറ്റിലേക്ക് ആവശ്യമായ മുള സർക്കാർ ഫോറസ്റ്റിൽ നിന്നുമാണ് ശേഖരിക്കുന്നത്. ഫോറസ്റ്റിൽ ലഭ്യമാകാത്ത അവസരങ്ങളിൽ പ്രാദേശിക കർഷകരിൽ നിന്നും ശേഖരിക്കുന്നതാണ് |
| ഇ. | ബാംബൂ കോർപ്പറേഷൻ ചൈനീസ് ടെക്നോളജി ഉപയോഗിച്ച് നിർമ്മിക്കുന്ന ബാംബൂ ടൈലിന്റെ നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കും എന്ന് വെളിപ്പെടുത്തുമോ? | ഇ. | ബാംബൂ ഫ്ളോറിംഗ് ടൈൽസ് നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള പ്രോജക്ട് ഇപ്പോൾ കേന്ദ്ര പ്ലാനിംഗ് കമ്മീഷന്റെ പരിഗണനയിലാണ്. പ്രോജക്ട് റിപ്പോർട്ട് അനുസരിച്ച് അനുവാദം ലഭിക്കുന്നതു മുതൽ ഒരു വർഷത്തിനകം ഉല്പാദനം തുടങ്ങുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 233 | 03.12.2008 ൽ മറുപടിക്ക് |
|---|---|

### സംസ്ഥാനത്തെ പുകയിലരഹിത സംസ്ഥാനമാക്കുവാൻ പരിപാടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ഡി. സതീശൻ ;<br>പ്രൊഫ. കെ.വി. തോമസ്:<br>ശ്രീ.കെ.സി. വേണുഗോപാൽ : | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും<br>വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ പുകയിലരഹിത സംസ്ഥാനമാക്കാൻ പരിപാടിയുണ്ടോ; | (എ) | ഉണ്ട് |
| (ബി) | അതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കുമോ; | (ബി) | ഇന്ത്യയിൽ പുകവലി ഉപയോഗം ഘട്ടംഘട്ടമായി നിരോധിക്കുന്നതിനു വേണ്ടി കേന്ദ്ര ഗവൺമെന്റ് 30..05..2008 ൽ ഒരു സമഗ്ര നിയമം പാസ്സാക്കുകയും ഒക്ടോബർ 2 മുതൽ പ്രാബല്യത്തിൽ വരുത്തുകയും ചെയ്തു. ഇതിന്റെ ഭാഗമായി കേരളസർക്കാരും ഒക്ടോബർ 2 മുതൽ പൊതു സ്ഥലങ്ങളിലുള്ള പുകവലി പൂർണ്ണമായി നിരോധിച്ചിട്ടുണ്ട്. പൊതു സ്ഥലങ്ങളിലെ പുകവലി നിരോധനം കർശനമായി പാലിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് എല്ലാ വകുപ്പുതലവൻമാർക്കും വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. പുകവലി നിരോധന നിയമം പൂർണ്ണമായും നടപ്പിലാക്കുന്നതിന് ആരോഗ്യ വകുപ്പു സെക്രട്ടറി ചെയർമാനായി ഒരു സംസ്ഥാനതല സ്റ്റീയറിംഗ് കമ്മിറ്റിയും അതിനു കീഴിൽ ജില്ലാതല സ്റ്റീയറിംഗ് കമ്മിറ്റിയും രൂപീകരിക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. 2008 ലെ പുകയില വിരുദ്ധ നിയമം ലംഘിക്കുന്നവരിൽ നിന്ന് പിഴ ഈടാക്കൽ തുടങ്ങി ശിക്ഷാ മാർഗ്ഗങ്ങൾ അവലംബിക്കാനുള്ള നടപടി ക്രമങ്ങൾ തുടങ്ങുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പുകയിലശീലം ഒഴിവാക്കുന്നതിന് എന്തെല്ലാം അവബോധ നടപടികൾ സ്വീകരിച്ചു; | (സി) | സംസ്ഥാനത്തെ എല്ലാ സ്ഥാപനങ്ങളിലും പുകവലി കർശനമായി നിരോധിച്ചിരിക്കുന്നതായി ബോർഡ് പ്രദർശിപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ആരോഗ്യ വകുപ്പ് പലവിധത്തിലുള്ള ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കിവരുന്നു. എല്ലാവർഷവും മെയ് 31 പുകയില വിരുദ്ധദിനമായി ആചരിക്കുന്നു.ഇതിന്റെ ഭാഗമായി റാലിയും സെമിനാറും സംഘടിപ്പിക്കാറുണ്ട്. റീജിയണൽ ക്യാൻസർ അസോസിയേഷനുമായി യോജിച്ച് സ്കൂളുകളിൽ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുകയും പുകയില ഉപയോഗത്തിനെതിരെ പ്രതിജ്ഞ എടുപ്പിക്കുകയും ചെയ്യുന്നു. |
| (ഡി) | അതിനെത്ര ചെലവുവരുമെന്നറിയിക്കുമോ; | (ഡി) | ഇതിനുള്ള ചെലവുകൾ കണക്കാക്കിയിട്ടില്ല. |
| ഇ) | പുകയിലശീലം ഒഴിവാക്കുന്നതിന് നൽകുന്ന ഇൻസെന്റീവ് എത്രയെന്നു പറയുമോ? | (ഇ) | ഇൻസെന്റീവ് നൽകുന്ന കാര്യം തീരുമാനിച്ചിട്ടില്ല. |

K.S. Sudha

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 234

03.12.2008-ൽ മറുപടിക്ക്

# കാസർഗോഡ് കിൻഫ്രാ പാർക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബാബു.എം.പാലിശ്ശേരി :<br>ശ്രീ.കെ.കെ.ജയചന്ദ്രൻ :<br>ശ്രീ.കെ.സി.രാജഗോപാലൻ :<br>ശ്രീ.എസ്.രാജേന്ദ്രൻ :<br>ശ്രീ.രാജു എബ്രഹാം : | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ രംഗത്ത് കൂടുതൽ കേന്ദ്രനിക്ഷേപം ഉണ്ടാക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു- -ശേഷം പൊതുമേഖലാരംഗത്ത് കൂടുതൽ കേന്ദ്ര നിക്ഷേപം ആർജ്ജിക്കു- ന്നതിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>(1) സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ ട്രാൻസ്ഫോമേഴ്സ് ഇലക്ട്രിക്കൽസ് കേരള ലി. (ടെൽക്ക്) കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ നാഷണൽ തെർമൽ പവർ കോർപറേഷനുമായി സംയുക്ത സംരംഭ കരാർ 23.06.2007-ൽ ഒപ്പിട്ടു.<br>(2) പൊതുമേഖലാ സ്ഥാപനമായ കെൽടെക്കി- -നെ കേന്ദ്ര പ്രതിരോധ വകുപ്പിന്റെ കീഴിലു- -ള്ള ബ്രഹ്മോസ് 31.12.2007-ൽ ഏറ്റെടുത്തു.<br>(3) സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡി- ലെയും ആട്ടോകാസ്റ്റിലെയും സൗകര്യങ്ങളു- -പയോഗിച്ച് റെയിൽവേ വാഗണുകൾ നിർമ്മിക്കുന്നതിനുള്ള കരാർ റെയിൽവേയു- -മായി 2008 ജൂണിൽ ഒപ്പിട്ടു.<br>(4) സ്റ്റീൽ അതോറിട്ടി ഓഫ് ഇന്ത്യ ലിമിറ്റഡു- -മായി സംയുക്ത സംരംഭത്തിനുള്ള ധാരണാ പത്രം 03.05.2008-ൽ സ്റ്റീൽ കോംപ്ലെക്സ് ലിമിറ്റഡ് ഒപ്പിട്ടു.<br>(5) കെൽട്രോൺ, ആട്ടോകാസ്റ്റ്, കേരള ആട്ടോ മൊബൈൽസ് ലിമിറ്റഡ് എന്നിവയ്ക്ക് വി.എസ്.എസ്.സി-യിൽ നിന്നും കേന്ദ്ര പ്രതിരോധ വകുപ്പിൽ നിന്നും ഓർഡറുകൾ |

|  |  |
|---|---|
|  | ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>(6) കിൻഫ്രയുടെ വ്യവസായ പാർക്കിൽ വൈദ്യുതി വിതരണവുമായി ബന്ധപ്പെട്ട് കിൻഫ്രയും നാഷണൽ തെർമൽ കോർപറേഷന്റെ കീഴിലുള്ള നാഷണൽ ഇലക്ട്രിക് കമ്പനിയുമായിട്ടുള്ള സംയുക്ത സംരംഭം.<br><br>(7) കൂടാതെ, കേന്ദ്ര പ്രതിരോധ വകുപ്പിന്റെ കീഴിൽ വരുന്ന ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സ് ലിമിറ്റഡ് (HAL), ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ് (BEL) എന്നിവ അവയുടെ ഓരോ യൂണിറ്റുകൾ കാസർകോടും കൊച്ചിയിലുമുള്ള കിൻഫ്രാ പാർക്കുകളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) കാസർഗോഡ് കിൻഫ്രാ പാർക്കിൽ എച്ച്.എ.എൽ യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കുമെന്ന് അറിയിക്കുമോ ; | (ബി) ആദ്യ ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ 2009-ൽ ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) എത്ര കോടി രൂപയുടെ നിക്ഷേപമാണ് ഇവിടെ പ്രതീക്ഷിക്കുന്നത് ; | (സി) ഏകദേശം 200 കോടി രൂപ. |
| (ഡി) കൂടുതൽ കേന്ദ്ര പൊതുമേഖലാ നിക്ഷേപം ലഭിക്കുന്നതി--നായി എന്തെല്ലാം പദ്ധതികളാണ് കേന്ദ്രത്തി--ന് സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (ഡി) കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡുമായി കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലി. (കെൽ) സംയുക്ത സംരംഭ കരാർ ഉണ്ടാക്കുന്നതി--നുള്ള ചർച്ചകൾ നടന്നുവരുന്നു. കൂടാതെ കേന്ദ്ര പ്രതിരോധ വകുപ്പിന്റെ കീഴിലുള്ള BEML Ltd., അതിന്റെ ഒരു മാനുഫാക്ചറിംഗ് യൂണിറ്റ് പാലക്കാട് സ്ഥാപിക്കുന്നതിനുള്ള സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 235 — 3.12. 2008 -ൽ മറുപടിക്ക്

### ഭൂഗർഭ ജല ചൂഷണം

| ചോദ്യം<br>ശ്രീ. സി. പി മുഹമ്മദ്<br>ശ്രീ. കെ.സി വേണുഗോപാൽ<br>ശ്രീ. കെ. സുധാകരൻ | ഉത്തരം<br>ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| --- | --- |
| എ) സംസ്ഥാനത്ത് ഭൂഗർഭ ജലം അമിതമായി ചൂഷണം ചെയ്യുന്ന എത്ര വ്യവസായങ്ങളുണ്ട്. ;<br><br>ബി) ഇത് സംസ്ഥാനത്തിന്റെ ജല സമ്പത്തിനെയും പരിസ്ഥിതിയെയും എപ്രകാരം ബാധിക്കുമെന്ന് വ്യക്തമാക്കാമോ; | എ) & ബി) ഇതു സംബന്ധിച്ച് സംസ്ഥാന വ്യാപകമായ ഒരു പഠനം നടത്തിയിട്ടില്ല. ആകയാൽ കണക്ക് ലഭ്യമല്ല. എന്നാൽ പാലക്കാട് ജില്ലയിലെ കൊക്കകോള, പെപ്സികോള, തിരുവനന്തപുരം ജില്ലയിലെ ഇംഗ്ലീഷ് ഇൻഡ്യൻ ക്ലേ ഫാക്ടറി എന്നീ സ്ഥാപനങ്ങളുടെ അമിത ജല ചൂഷണത്തെപ്പറ്റി ലഭിച്ച പരാതികളിൽ ഭൂജല വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ട്.<br>കൊക്കകോള കമ്പനിയുടെ പ്രവർത്തനം മൂലം ആദ്യം ഫാക്ടറിക്ക് ചുറ്റുമുള്ള കിണറുകളിലെയും, പിന്നീട് ഫാക്ടറിക്ക് ദൂരെയുള്ള കിണറുകളിലെയും ജലത്തിന്റെ ഗുണനിലവാരം മോശമായതായി തെളിഞ്ഞിട്ടുണ്ട്. കൂടാതെ, അമിത ഭൂജല ചൂഷണം മൂലം പരിസരത്തെ 3 കിണറുകൾ വറ്റിയതായും ഫാക്ടറിയുടെ പ്രവർത്തനം നിറുത്തിയതിനെത്തുടർന്ന് കിണറുകളിലെ ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെട്ടതായും പഠനങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്.<br>പെപ്സികോള കമ്പനിയുടെ പ്രവർത്തനം മുഖാന്തിരം ഉണ്ടായ പരിസ്ഥിതി പ്രശ്നം നിയമസഭാ സബ്ജക്ട് കമ്മിറ്റി-3-ന്റെ പരിഗണനയിലാണ്.<br>തിരുവനന്തപുരത്തെ ഇംഗ്ലീഷ് ഇൻഡ്യൻ ക്ലേ ഫാക്ടറിയുടെ പ്രതിദിന ഉപയോഗം 8 ലക്ഷം ലിറ്ററായി കണ്ടെത്തിയതിനെത്തുടർന്ന് ആയത് 80,000 ലിറ്ററായി പുനർ ക്രമീകരിക്കണമെന്ന നിർദ്ദേശം നൽകുകയുണ്ടായി. |
| സി) അമിതമായ ഭൂഗർഭജല ചൂഷണം അവസാനിപ്പിക്കുവാനോ നിയന്ത്രിക്കുവാനോ ഉദ്ദേശ്യമുണ്ടോ എന്നറിയിക്കാമോ; എങ്കിൽ എപ്രകാരമെന്നു വിശദീകരിക്കുമോ? | സി) കേരളത്തിലെ അമിത ഭൂജലചൂഷണം തടയുന്നതിനും നിയന്ത്രിക്കുന്നതിനും ഉദ്ദേശിച്ചാണ് 2002-ൽ കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ട് 2002 പാസ്സാക്കിയത്. സംസ്ഥാനത്ത് അമിതമായി ഭൂജലം ചൂഷണം ചെയ്യുന്ന പ്രദേശങ്ങളിലെ ഭൂജല ചൂഷണം നിയന്ത്രിക്കാൻ ഉദ്ദേശിച്ച് അത്തരം പ്രദേശങ്ങളെ വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങളായി പ്രഖ്യാപിക്കുന്നതിന് സംസ്ഥാന സർക്കാരിനെ ഉപദേശിക്കുവാൻ കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ട് 2002 പ്രകാരം കേരളാ ഭൂജല അതോറിറ്റിക്ക് അധികാരമുണ്ട്.<br>കേരള ഭൂജല അതോറിറ്റിയുടെ ശുപാർശ പ്രകാരം, സംസ്ഥാനത്തെ അഞ്ചു ബ്ലോക്കുകളെ |

വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങളായി സംസ്ഥാന സർക്കാർ, ഗവൺമെന്റ് ഉത്തരവ് ജി.ഒ.(പി) നം.58/2005/ഡബ്ല്യു.ആർ.ഡി തീയതി 19.11.05 പ്രകാരം പ്രഖ്യാപിച്ചിട്ടുണ്ട്. അവ താഴെ പറയുന്നവയാണ്.

1. അതിയന്നൂർ ബ്ലോക്ക്- തിരുവനന്തപുരം ജില്ല
2. കൊടുങ്ങല്ലൂർ ബ്ലോക്ക്-തൃശ്ശൂർ ജില്ല
3. ചിറ്റൂർ ബ്ലോക്ക്- പാലക്കാട് ജില്ല
4. കോഴിക്കോട് ബ്ലോക്ക്-കോഴിക്കോട് ജില്ല
5. കാസറഗോഡ് ബ്ലോക്ക്- കാസറഗോഡ് ജില്ല

ഇങ്ങനെ വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങളിൽ പുതിയ കിണറുകൾ കുഴിക്കുവാനും നിലവിലുള്ള കിണറിന്റെ വ്യാസവും, ആഴവും കൂട്ടാനും അതോറിറ്റിയുടെ പെർമിറ്റ് ആവശ്യമാണ്. എന്നാൽ വീട്ടാവശ്യത്തിനുള്ള സാധാരണ തുറന്ന കിണറുകൾക്ക് പെർമിറ്റ് ആവശ്യമില്ല. അതുപോലെ ഈ പ്രദേശങ്ങളിൽ നിലവിലുള്ള കിണറുകളിൽ പമ്പ് വയ്ക്കുവാൻ പെർമിറ്റ് ആവശ്യമാണ്.

തുറന്ന കിണറുകളിൽ 1.5 എച്ച്.പി യ്ക്ക് മുകളിലുള്ള പമ്പ് വയ്ക്കുവാനും കുഴൽക്കിണറുകളിൽ 3എച്ച്.പി ക്ക് മുകളിലുള്ള പമ്പ് വയ്ക്കുവാനുമാണ് പെർമിറ്റ് ആവശ്യമുള്ളത്. വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങളിൽ നിലവിലുള്ള കിണറുകൾ അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. എന്നാൽ, വീട്ടാവശ്യത്തിനുപയോഗിക്കുന്ന സാധാരണ തുറന്ന കിണറുകൾക്ക് രജിസ്ട്രേഷൻ ആവശ്യമില്ല.

സംസ്ഥാനത്തെ 1.5 എച്ച്.പിയ്ക്ക് മുകളിലുള്ള പമ്പ് ഘടിപ്പിച്ച തുറന്ന കിണറുകളും 3 എച്ച്.പിയ്ക്ക് മുകളിൽ പമ്പ് ഘടിപ്പിച്ച കുഴൽ കിണറുകളും നിർബന്ധമായും അതോറിട്ടിയിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

ഇപ്രകാരം രജിസ്റ്റർ ചെയ്യുന്ന കിണറുകൾക്കും കുഴൽകിണറുകൾക്കും ഭൂജല ചൂഷണത്തിന് നിബന്ധനകൾ ഏർപ്പെടുത്തുവാൻ വ്യവസ്ഥയുണ്ട്. കൂടാതെ നിലവിലുള്ള പൊതു കുടിവെള്ള സ്രോതസ്സുകളുടെ 30 മീറ്റർ ദൂരത്തിനുള്ളിൽ കിണറു കുഴിക്കുവാൻ അതോറിറ്റിയുടെ പെർമിറ്റ് ആവശ്യമാണ്. എന്നാൽ വീട്ടാവശ്യങ്ങൾക്കുള്ള സാധാരണ കിണറുകൾക്ക് പെർമിറ്റ് ആവശ്യമില്ല.

പൊതു താൽപ്പര്യത്തെ ദോഷകരമായി ബാധിക്കുമെന്നു കണ്ടാൽ രജിസ്ട്രേഷനോ പെർമിറ്റോ നിരസിക്കുവാനും അതോറിറ്റിക്ക് അധികാരമുണ്ട്.

ഇതേസമയം ടി ആക്ടിലെ പോരായ്മകൾ പരിഹരിക്കുന്നതിന് ആവശ്യമായ ഭേദഗതികൾ നിർദ്ദേശിക്കാൻ സർക്കാർ നിയോഗിച്ച കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട്, പരിശോധിച്ചു വരികയാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 236 — 03..12..2008 - ൽ മറുപടിക്ക്

ചെറുകിട വ്യവസായ മേഖലയ്ക്ക് സഹായം

ചോദ്യം

ശ്രീ. കെ . വി. അബ്ദുൾ ഖാദർ:
ശ്രീ. പി. ക ൃഷ്ണപ്രസാദ്;
ശ്രീ. മുരളി പെരുനെല്ലി;
ശ്രീ. സി. കെ. പി. പത്മനാഭൻ;
ശ്രീ. എ. എം. യൂസഫ്;

ഉത്തരം

ശ്രീ. എളമരം കരീം
(വ്യവസായ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ചെറുകിട വ്യവസായ മേഖലയ്ക്ക് സർക്കാർ എന്തെല്ലാം സഹായ-ങ്ങളാണ് നൽകുന്നത് ; | (എ) | വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന് കീഴിൽ സൂക്ഷമ, ചെറുകിട, ഇടത്തരം യൂണിറ്റു-കളുടെ എന്റർപ്രണേഴ്സ് മെമ്മോറാണ്ടം (EM) ഫയൽ ചെയ്യുന്നതോടൊപ്പം ചെറുകിട വ്യവസായ മേഖലയെ സഹായിക്കുന്നതിനായി താഴെ വിവരിക്കുന്ന പദ്ധതികളും സേവനങ്ങളും നൽകി വരുന്നു.<br>1. സംസ്ഥാന മൂലധന നിക്ഷേപ സബ്സിഡി.<br>2. മാർജിൻ മണി വായ്പ.<br>3. സാങ്കേതിക വിദ്യാ വികസന നിധി.<br>4. കമ്പോള വിലയിലും വളരെ താഴ്ന്ന വിലയ്ക്ക് വ്യവസായ നടത്തിപ്പിന് കെട്ടിടവും സ്ഥലവും നൽകുന്നു.<br>5. പീഡിത വ്യവസായങ്ങളുടെ പുനരുദ്ധാരണം<br>6. ലൈസൻസുകളും ക്ളീയറൻസുകളും ഗ്രീൻ ചാനൽ കൗണ്ടറും ഏകജാലക ക്ളീയറൻസ് ബോർഡും വഴി വേഗത്തിൽ ലഭ്യമാക്കൽ. |

| | | | |
|---|---|---|---|
| | | | 7. അസംസ്കൃത വസ്തുക്കൾക്ക് എസൻ-ഷ്യാലിറ്റി സർട്ടിഫിക്കറ്റ്.<br>8. വ്യവസായം തുടങ്ങുന്നതിനാവശ്യമായ നിർദ്ദേശങ്ങളും സാങ്കേതിക വിവരങ്ങളും എന്റർപ്രണർഗൈഡൻസ് സെല്ലിലൂടെ നൽകുന്നു.<br>9. ഗവേഷണ കേന്ദ്രങ്ങൾ, ഗവേഷണ ലബോറ- ട്ടറികൾ എന്നിവയിൽ നിന്നുള്ള സാങ്കേതിക ജ്ഞാനം വാണിജ്യാടിസ്ഥാനത്തിൽ ലഭ്യമാക്കുന്നു.<br>10. വ്യവസായ സഹകരണ മേഖലയ്ക്കും കരകൗശല മേഖലയ്ക്കും പ്രത്യേക ആനുകൂല്യങ്ങൾ.<br>11. പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരുടെ സേവനം ക്ലസ്റ്റർ വികസനം സാധ്യമാക്കാൻ പ്രയോജനപ്പെടുത്തുന്നു.<br>12. വ്യവസായം തുടങ്ങുന്നതിനാവശ്യമായ വായ്പ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള സഹായം.<br>13. ഉൽപ്പന്നങ്ങൾക്ക് വിപണന സൗകര്യം ഒരുക്കുന്നു. എക്സിബിഷനുകളും ട്രേഡ് ഫെയറുകളും സംഘടിപ്പിക്കുന്നു.<br>14. വ്യവസായിക ക്ലസ്റ്റർ രൂപീകരണം, അസംസ്കൃത വസ്തുക്കൾ സംഭരിക്കു-വാനുള്ള പദ്ധതി, പൊതു വിപണന സമ്പ്രദായം എന്നിവ ഒരുക്കുന്നു.<br>15. ചെറുകിട സംരംഭകരുടെ കാലതാമസം നേരിട്ട പേയ്മെന്റ് സംബന്ധിച്ച തർക്കങ്ങൾ |

| | | | |
|---|---|---|---|
| | | | പരിഹരിക്കുന്നതിന് മൈക്രോ. സ്മാൾ എന്റർപ്രൈസസ് ഫെസിലിറ്റേഷൻ കൗൺസിലിന്റെ പ്രവർത്തനത്തിലൂടെ സാധ്യമാക്കുന്നു.<br>16. വ്യവസായത്തിനാവശ്യമായ വിവരങ്ങൾ വെബ്സൈറ്റിലൂടെ നൽകുന്നതിനായി ഇൻഡസ്ട്രീസ് റിസോഴ്സ് ലൊക്കേറ്റർ സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചെറുകിട വ്യവസായ മേഖലയിൽ ഗ്രീൻ ചാനൽ കൗണ്ടറിലൂടെയും ഏകജാലക ക്ളീയറൻസ് ബോർഡിലൂടെയും എത്ര അപേക്ഷകൾ തീർപ്പാ- ക്കിയെന്ന് അറിയിക്കുമോ ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചെറുകിട വ്യവസായ മേഖലയിൽ ഗ്രീൻ ചാനൽ കൗണ്ടറിലൂടെ 3364 അപേക്ഷകളും ഏകജാലക ക്ളീയറൻസ് ബോർഡിലൂടെ 280 അപേക്ഷകളും തീർപ്പാക്കിയിട്ടുണ്ട്. |
| (സി) | എത്ര അപേക്ഷകളാണ് അനുമതിക്കായി ലഭിച്ചിരുന്നത്; | (സി) | ഗ്രീൻ ചാനൽ കൗണ്ടറിലൂടെ 3474 അപേക്ഷകളും ഏകജാലക ക്ളീയറൻസ് ബോർഡിലൂടെ 280 അപേക്ഷകളും ലഭിച്ചിരു |
| (ഡി) | ചെറുകിട ഗ്രാമീണ ഉത്പ- ന്നങ്ങൾക്ക് ഒരു പൊതു ബ്രാൻഡ് നെയിം സ്വീകരിക്കാൻ നടപടി സ്വീകരിക്കുമോ; | (ഡി) | ചെറുകിട ഗ്രാമീണ ഉത്പന്നങ്ങൾക്ക് ഒരു പൊതു ബ്രാൻഡ് നെയിം സ്വീകരിക്കാൻ പദ്ധതികൾ ഒന്നും തന്നെയില്ല. എന്നാൽ ഇതിനായി ഒരു സ്കീം സർക്കാർ ആവിഷ്- ക്കരിക്കുകയാണെങ്കിൽ ഇതിനായുള്ള പ്രവർ- ത്തനങ്ങൾ നടപ്പിലാക്കുന്നതിന് കെ. ബിപ് തയ്യാറാണെന്ന് അറിയിച്ചിട്ടുണ്ട്. |
| (ഇ) | വ്യവസായ വികസന ക്ളസ്റ്ററുകൾ ശക്തിപ്പെടുത്തുന്നതിനും കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് | (ഇ) | കേരളത്തിലെ വ്യവസായ വികസന ക്ളസ്റ്ററുകൾ ശക്തിപ്പെടുത്തുന്നതിനും കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പി- |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ.ബിപ്) ജില്ലാ വ്യവസായ കേന്ദ്രവുമായി ചേർന്ന് അവയർനെസ് പ്രോഗ്രാം, Soft Interventions, Awareness Work Shop എന്നിവ സംഘടിപ്പിക്കുന്നു.<br>സംസ്ഥാനത്ത് വിവിധ ജില്ലകളിലായി ഏതാണ്ട് 60 ക്ളസ്റ്ററുകൾ കണ്ടെത്തി കഴിഞ്ഞു. 41 ക്ളസ്റ്ററുകൾ രജിസ്റ്റർ ചെയ്യപ്പെട്ടു കഴിഞ്ഞു. Raw Material ബാങ്കുകൾ, കോമൺ ഫെസിലിറ്റി സെന്റർ തുടങ്ങിയവ ആരംഭിക്കുന്നതിനായി നടപടികൾ നടന്നു വരുന്നു.<br>ക്ളസ്റ്റർ വികസന പ്രവർത്തനങ്ങൾക്കായി വ്യവസായ വകുപ്പിൽ നിന്നും 83 ഉദ്യോഗസ്ഥർക്കും കയർ വകുപ്പിൽ നിന്ന് 36 ഉദ്യോഗസ്ഥർക്കും ഹാന്റ്ലൂം ഡയറക്ടറേറ്റിൽ നിന്ന് 25 ഉദ്യോഗസ്ഥർക്കും ക്ളസ്റ്റർ വികസന ഏജന്റാകാൻ പരിശീലനം നൽകി. |
| (എഫ്) | ചെറുകിട വ്യവസായങ്ങളുടെ പദ്ധതി നിർദ്ദേശങ്ങൾ തദ്ദേശ സ്ഥാപനങ്ങൾ വഴിയാക്കുന്ന കാര്യം പരിഗണിക്കുമോ ? | (എഫ്) | തത്ക്കാലം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 237

3.12.2008-ൽ മറുപടിക്ക്

നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനങ്ങളുടെ കടം എഴുതിത്തള്ളാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ചന്ദ്രൻ<br>ശ്രീ.കെ.കെ.ദിവാകരൻ<br>ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീ.എം.എം.മോനായി<br>ശ്രീ.ബി.രാഘവൻ | ശ്രീ.എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (എ) ഉണ്ട്, വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള നഷ്ടത്തിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനും, പുനരുദ്ധരിക്കുന്നതിനും, സ്വീകരിച്ചുവരുന്ന നടപടികളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>1. ലാഭകരമായി നടത്തിക്കൊണ്ടുപോകാൻ കഴിയുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ വായ്പകളുടെ പുന: ക്രമീകരണം, വളരെ അത്യാവശ്യമായ സാങ്കേതിക വിദ്യയുടെ നവീകരണം, തൊഴിലാളികളുടെയും ജീവനക്കാരുടേയും പുനക്രമീകരണം, സമാന സ്വഭാവമുള്ള സ്ഥാപനങ്ങളുടെ ഏകീകരണം എന്നിവ സ്വീകരിച്ചുവരുന്നു.<br><br>2. മാനേജ്മെന്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ചീഫ് എക്സിക്യൂട്ടീവ്വിനെ സുതാര്യമായ നടപടിക്രമങ്ങളിലൂടെ നിയമിച്ചുവരുന്നു.<br><br>3. പൊതുമേഖലാ സ്ഥാപനങ്ങളുടെ മാസംതോറുമുള്ള പ്രവർത്തന അവലോകനം റിയാബ് മുഖേന നടത്തിവരുന്നു.<br><br>4. ജീവനക്കാരുടെ കാര്യക്ഷമത കൂട്ടുന്നതിനായുള്ള പരിശീലന പരിപാടികൾ RIAB- മുഖേനയും, കമ്പനി തലത്തിലും നടത്തിവരുന്നു.<br><br>5. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓരോ വർഷത്തേയും പ്രവർത്തനം സംബന്ധിച്ച് ബഡ്ജറ്റും പദ്ധതിയും നേരത്തെ തയ്യാറാക്കുകയും, അത് കൈവരിക്കുന്നതിന്റെ പുരോഗതി മാസംതോറും അവലോകനം നടത്തുകയും ചെയ്യുന്നു. |

6. ഉൽപ്പാദന ക്ഷമതയും ഉൽപ്പന്നങ്ങളുടെ ഗുണമേന്മയും വർദ്ധിപ്പിക്കുന്നതിന് തൊഴിലാളി സംഘടനകളുമായി കരാറുണ്ടാക്കാൻ മാനേജ്മെന്റ് തലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

7. പൊതുമേഖലാ സ്ഥാപനങ്ങളും, ബാങ്കുകളുമായുള്ള സഹകരണം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളുടെ ഭാഗമായി, കേരളത്തിൽ പ്രവർത്തിക്കുന്ന ബാങ്കുകളുമായി സർക്കാർ ചർച്ച നടത്തുകയും തുടർന്ന് 7 സ്ഥാപനങ്ങളിൽ One Time Settlement- നടപ്പിലാക്കുകയും ചെയ്തു

8. പൊതുമേഖലാ സ്ഥാപനങ്ങൾ തമ്മിലുള്ള സഹകരണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഉൽപ്പന്നങ്ങൾ പരസ്പരം വിപണനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

9. കേന്ദ്ര സർക്കാർ ഏജൻസികളുമായും, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായും Strategic tie-ups നടപ്പിലാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു.

10. സമാന സ്വഭാവമുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ഏകോപിപ്പിക്കുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

11. പൂട്ടിക്കിടക്കുന്നവയിൽ പുനരുദ്ധാരണത്തിന് സാധ്യമായവ തെരഞ്ഞെടുത്ത് പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി KSTC- യുടെ അധീനതയിലുള്ള Malabar Spinning & Weaving Mills തുറന്നു പ്രവർത്തിക്കുകയുണ്ടായി. Trivandrum Spinning Mills Limited- ലെ സൗകര്യങ്ങൾ ഉപയോഗിച്ച് open end spinning mill ആരംഭിക്കുവാൻ KSTC- യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

Kerala Soaps & Oils Limited- നുവേണ്ടി പുനരുദ്ധാരണ പദ്ധതി തയ്യാറായി വരുന്നു.

Keltron Counters Limited- ൽ അവശേഷിച്ചിരുന്ന മുഴുവൻ തൊഴിലാളികളെയും Kerala State Electronics Development Corporation Limited- ൽ ജോലിക്കെടുത്തു. കേരള സംസ്ഥാന സാലിസിലേറ്റ്സ് ആൻറ് കെമിക്കൽസിന്റെ 25 ഏക്കർ ഭൂമി കേന്ദ്ര പൊതുമേ

ഖലാ സ്ഥാപനമായ **ITI Ltd-** യുമായി ചേർന്ന് ടെലികോം സിറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. **Metropolitan Engineering Company Limited-** ന്റെ 1.26 ഏക്കർ ഭൂമി **Kerala State Industrial Enterprises Limited-** ന് കൈമാറാനും അവിടെ ഒരു **Hyper Super Market cum Office Complex** സ്ഥാപിക്കാനുമുള്ള ഒരു പദ്ധതി നടപ്പിലാക്കിവരുന്നു.

**Kerala Soaps & Oils Limited-** ലെ സൗകര്യങ്ങൾ ഉപയോഗിച്ച് ഒരു സോപ്പ് ന്യൂഡിൽസ് യൂണിറ്റുണ്ടാക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ **KITCO -** യുടെ സഹായത്തോടെ തയ്യാറാക്കി വരുന്നു.

**Kerala State Detergents & Chemicals Limited-** ന്റെ ഉൽപ്പാദന സൗകര്യങ്ങൾ **lease** വ്യവസ്ഥയിൽ നടത്തുവാനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നുണ്ട്.

കൂടാതെ പ്രവർത്തനം നിലച്ചിരുന്ന **Keltron Power Devices Limited-** ഉം **Keltron Rectifiers Limited-** ഉം അവയുടെ എല്ലാ ആസ്തികളും ബാദ്ധ്യതകളും ഉൾപ്പെടെ വികസനപ്രവർത്തനങ്ങൾക്കായി ഹോൾഡിംഗ് കമ്പനിയായ **KSEDC** ഏറ്റെടുക്കുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

12. 2007-08 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങൾക്കായി മൊത്തം 48.53 കോടി രൂപ സർക്കാർ നൽകിയതിൽ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായി 10.55 കോടി രൂപയും കമ്പനികളിൽ നിന്നും സ്വയം വിരമിച്ച ജീവനക്കാർക്ക് നൽകുവാനുള്ള കുടിശ്ശികകൾ തീർപ്പാക്കുന്നതിനായി 9.59 കോടി രൂപയും സർക്കാർ നൽകിയിട്ടുണ്ട്. ഏകദേശം 19 കമ്പനികൾക്ക് ഇതിന്റെ ഫലം ലഭിക്കുകയുണ്ടായി.

13. 2008-09 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായി 57 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

14. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുനരുദ്ധാരണ നടപടികൾ നടന്നുവരുന്ന സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു.

1. **Kerala State Electronics Development Corporation Limited (KSEDC)**
2. **Steel Complex Limited**
3. **Steel Industrials Kerala Limited**
4. **Kerala State Textiles Corporation Limited.**

(ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ കടം എഴുതിത്തള്ളുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ട്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ കടങ്ങൾ തീർപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

ബാദ്ധ്യതകൾ ഒഴിവാക്കി പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി കേരള വ്യവസായ പുനരുദ്ധാരണ ഫണ്ടിൽ (KIRF)- ൽ നിന്നും വായ്പ എടുത്തിരുന്ന **Steel Industrials Kerala Limited, Traco Cable Company Limited and Travancore Cochin Chemicals Limited** എന്നീ സ്ഥാപനങ്ങളുടെ പലിശയിനത്തിലുള്ള കുടിശ്ശിക തിരിച്ചടക്കുന്നതിൽ നിന്ന് ഒഴിവാക്കി കൊടുത്തിട്ടുണ്ട്.

ബാങ്കുകളുമായുള്ള സഹകരണം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ചുവടെ പറയുന്ന 7 പൊതുമേഖലാ സ്ഥാപനങ്ങളിൽ ബാങ്കുകളുമായി ഒറ്റത്തവണ തീർപ്പാക്കൽ നടത്തുന്നതിനായി സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്.

- **Kerala State Electronics Development Corporation Limited OTS with consortium banks was concluded at Rs.57.85 crores.**
- **Autokast Limited - Rs.12.52 crores.**
- **Steel Complex Limited - 8.50 crores.**
- **Prenationalisation dues of Kerala State Textiles Corporation Limited - Rs.3 crores.**
- **Sitaram Textiles Limited - Rs.185.48 lakhs.**
- **Steel Industries Kerala Limited - Rs.6 crores.**
- **Kerala State Detergents & Chemicals Limited - Rs.30 lakhs.**

| | |
|---|---|
| (സി) കേരളത്തിൽ 50 കോടി രൂപയിലധികം നഷ്ടമുണ്ടാക്കുന്ന എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഉണ്ട്? | (സി) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ 2007-08 സാമ്പത്തിക വർഷത്തെ പ്രവർത്തന അവലോകന റിപ്പോർട്ട് പ്രകാരം 50 കോടി രൂപയിലധികം നഷ്ടമുണ്ടാക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഒന്നും സംസ്ഥാനത്ത് നിലവിലില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 238 — 03/12/2008-ൽ മറുപടിയ്ക്ക്

## സർക്കാർ ആശുപത്രിയിലെ ശുചീകരണ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ജെ.ജേക്കബ്<br>ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീ.എം.ഹംസ<br>ശ്രീ.കെ.സി.കുഞ്ഞിരാമൻ<br>ശ്രീ.ടി.പി.കുഞ്ഞുണ്ണി | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) സർക്കാർ ആശുപത്രികളിലെ ശുചീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | (എ) സർക്കാർ ആശുപത്രികളിലെ ശുചീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഹൗസ്കീപ്പിംഗ് കമ്മിറ്റികൾ രൂപീകരിച്ച് കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. ആശുപത്രി ശുചിയായി സൂക്ഷിക്കുന്നതിന് രോഗികൾ, കൂട്ടിരിപ്പുകാർ, സന്ദർശകർ എന്നിവർക്ക് ബോധവൽക്കരണം നടത്തുന്നതിന് വേണ്ടി നിർദ്ദേശം നൽകിയിട്ടുണ്ട്. ജീവനക്കാർക്കും ശുചീകരണ സംവിധാനങ്ങളെക്കുറിച്ച് തുടർ പരിശീലന പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്. ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ്, സ്റ്റെറിലൈസേഷൻ, മോർച്ചറി സർവ്വീസ് തുടങ്ങിയ ജോലികൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.<br><br>ഡയറ്ററി സർവ്വീസ്, ഡ്രെയിനേജ് ആന്റ് വാട്ടർ സപ്ളൈ, ലാൻട്രി സർവ്വീസ്, സോഷ്യൽ ഡിസിപ്ലിൻ എന്നിവയുടെ മേൽനോട്ടം വഹിക്കുന്നതിന് വേണ്ടി ജീവനക്കാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

ആശുപത്രികളിലെ ചപ്പ്ചവറുകൾ, മാറാലകൾ, മാലിന്യങ്ങൾ ശാസ്ത്രീയമായി നശിപ്പിക്കാനും കിടക്കകൾ, പാത്രങ്ങൾ, ഫാനുകൾ മറ്റു ഉപകരണങ്ങൾ വൃത്തിയാക്കുന്നതിനും വേണ്ടി ജീവനക്കാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ആശുപത്രി പരിസരം വൃത്തിയായി സൂക്ഷിക്കുന്നതിനും കോമ്പൗണ്ടിലുള്ള ഓടകൾ വൃത്തിയാക്കുന്നതിനും ജീവനക്കാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആശുപത്രി വികസനസമിതികളും സന്നദ്ധ സംഘടനകളും ജീവനക്കാരുമായി ചേർന്ന് ആശുപത്രി അന്തരീക്ഷം ശുചിയായി സൂക്ഷിച്ചുവരുന്നു.

(ബി) ഹൗസ് കീപ്പിംഗ് സംവിധാനം ഏതെല്ലാം ആശുപത്രികളിൽ നടപ്പാക്കി; ശുചീകരണ സംവിധാനം മെച്ചപ്പെടുത്താൻ ഇതു മൂലം കഴിഞ്ഞിട്ടുണ്ടോ ;

(ബി) തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രികൾ, ശ്രീ അവിട്ടം തിരുനാൾ ആശുപത്രി, കുട്ടികളുടെയും സ്ത്രീകളുടെയും ആശുപത്രികൾ എന്നിവിടങ്ങളിൽ ഹൗസ് കീപ്പിംഗ് കമ്മിറ്റികൾ രൂപീകരിച്ച് ശുചീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കിയിട്ടുണ്ട്.

ഇതുമൂലം ശുചീകരണ സംവിധാനങ്ങൾ പൂർവ്വാധികം മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്.

(സി) ഹൗസ് കീപ്പിംഗ് സംവിധാനം കൂടുതൽ ആശുപത്രികളിലേക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എല്ലാ താലൂക്ക് ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും മാനസികാരോഗ്യ കേന്ദ്രങ്ങളിലും ഹൗസ്കീപ്പിംഗ് സംവിധാനം വ്യാപിപ്പിക്കാൻ നിർദ്ദേശം നൽകിക്കഴിഞ്ഞു.

(ഡി) ശുചീകരണത്തിനായുള്ള ജീവനക്കാരുടെ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു; ഇവ നികത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

(ഡി) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ 702 ഒഴിവുകൾ ഉള്ളതായും ആരോഗ്യ വകുപ്പു ഡയറക്ടർ 2001 ഒഴിവുകളും ഉള്ളതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി ഒഴിവുകൾ നികത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ.

# പന്ത്രണ്ടാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ : 239

03.12.2008 - ൽ
മറുപടിക്ക്

## പരമ്പരാഗത വ്യവസായങ്ങളുടെ തളർച്ച

**ചോദ്യം**

**ശ്രീ.തോമസ് ചാഴികാടൻ**
**,, ജോസഫ് എം. പുതുശ്ശേരി**
**,, റോഷി അഗസ്റ്റിൻ**

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങൾ തളർച്ചയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയെന്നു ശാസ്ത്രീയമായി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

**ഉത്തരം**

**ശ്രീ. എളമരം കരീം**
**(വ്യവസായ വകുപ്പ് മന്ത്രി)**

(എ) സംസ്ഥാനത്തെ പ്രധാന പരമ്പരാഗത വ്യവസായങ്ങളായ കയർ, കൈത്തറി, കശുവണ്ടി, കരകൗശലം, ഈറ്റ-മുള, ഖാദി തുടങ്ങിയ മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- കയർ:- ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ആനത്തലവട്ടം ആനന്ദൻ എം.എൽ.എ. ചെയർമാനായി കയർ മേഖലയുടെ സമഗ്രപുരോഗതി ലക്ഷ്യമാക്കി പഠനം നടത്തുന്നതിലേക്കായി സർക്കാർ കയർ കമ്മീഷൻ രൂപീകരിക്കുകയും പ്രസ്തുത കമ്മീഷൻ 10.10.2008 - ൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ അനുബന്ധം I- ൽ കാണാവുന്നതാണ്. റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരികയാണ്.
- കൈത്തറി:- കൈത്തറി വ്യവസായത്തിന്റെ സ്ഥിതിവിവരം സ്ഥിരമായി വീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. യന്ത്രത്തറിയിൽ ഉല്പാദിപ്പിക്കുന്ന അന്യ സംസ്ഥാന ഉല്പന്നങ്ങളുമായുള്ള മത്സരം, ഉല്പാദന ചെലവിന്റെ വർദ്ധന. നൂൽ, ചായം ഉൾപ്പെടെയുള്ള അസംസ്കൃത വസ്തുക്കളുടെ വില വർദ്ധന തൊഴിലാളികളുടെ മറ്റ് മേഖലയിലേയ്ക്കുള്ള മാറ്റം, തൊഴിലാളികളുടെ എണ്ണത്തിലുണ്ടാകുന്ന കുറവ് എന്നിവയൊക്കെ ഈ മേഖലയുടെ തകർച്ചയുടെ കാരണങ്ങളാകുന്നു. ഇപ്പോഴത്തെ സ്ഥിതിവിവരം പഠിക്കുന്നതിനായി ശ്രീ. അറക്കൽ ബാലൻ ചെയർമാനായി ഒരു കമ്മിറ്റി

രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

- കശുവണ്ടി:- കശുവണ്ടി വ്യവസായം തകർച്ചയിലായിരുന്നു. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കശുവണ്ടി വ്യവസായത്തെ തകർച്ചയിൽ നിന്നും പുനരുദ്ധരിച്ചു കൊണ്ടിരിക്കുകയാണ്. ഈ മേഖല ഇപ്പോൾ തകർച്ചയിൽ അല്ലായെന്ന് പറയാൻ കഴിയും. സർക്കാരിന്റെ നിയന്ത്രണത്തിലുള്ള രണ്ട് പൊതുമേഖലാ സ്ഥാപനങ്ങളായ KSCDC-യുടെയും കാപ്പക്സിന്റെയും സാമ്പത്തിക സ്ഥിതി പഠിക്കുന്നതിനും സ്ഥാപനങ്ങൾ ലാഭകരമാക്കുന്നതിനുമുള്ള നിർദ്ദേശം സമർപ്പിക്കുന്നതിനും പ്ലാനിംഗ് ബോർഡ് അംഗം ശ്രീമതി. മൃദുൽ ഈപ്പൻ ചെയർമാനായി കമ്മിറ്റി രൂപീകരിക്കുകയും കമ്മിറ്റി പഠന റിപ്പോർട്ട് സമർപ്പിക്കുകയും ആയത് സർക്കാരിന്റെ പരിശോധനയിലുമാണ്.
- കരകൗശലം:- കരകൗശല മേഖലയിൽ തകർച്ചയുള്ളതായി ബോധ്യപ്പെട്ടിട്ടില്ല. എന്നാൽ പരമ്പരാഗത കരിമ്പന വ്യവസായ മേഖല തകർച്ചയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനുള്ള കാരണങ്ങൾ കരിമ്പനയുടെ നശീകരണം, തൊഴിലാളികളുടെ വേതന നിരക്കിലെ കുറവ്, കരിമ്പന മേഖലയിലെ ഗവേഷണത്തിന്റെയും വികസനത്തിന്റെയും അപര്യാപ്തത, കരിമ്പന വ്യാപനത്തിന്റെ അപാകത എന്നിവയാണ്. ഇതു സംബന്ധിച്ച ശാസ്ത്രീയ പഠനങ്ങൾ ഒന്നും നടന്നിട്ടില്ല.
- ഈറ്റ-മുള:- ഈ മേഖലയിലെ തളർച്ച ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് ശാസ്ത്രീയമായി വിലയിരുത്തിയിട്ടുണ്ട്. ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ഉന്നമനത്തിന് വേണ്ടി 1971 മുതൽ പ്രവർത്തിച്ചു വരുന്ന സംസ്ഥാന ബാംബൂ കോർപ്പറേഷന്റെ കീഴിൽ ഇപ്പോൾ ഏകദേശം 65,000 തൊഴിലാളികൾ നേരിട്ടും പരോക്ഷമായി ആയിരക്കണക്കിന് തൊഴിലാളികളും പണിയെടുക്കുന്നു. ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളുടെ പ്രതിദിന വേതനം വളരെ തുച്ഛമായതുകൊണ്ടും സ്ഥിരമായ തൊഴിലിന്റെ അഭാവവും മൂലം തൊഴിലാളികൾ ഈ വ്യവസായത്തിൽ നിന്നും അകന്ന് പോകുന്നു. വിവിധ കാരണങ്ങളാൽ വർഷത്തിൽ പൂർണ്ണമായും

തൊഴിൽ നൽകാൻ കോർപ്പറേഷനും സാധിക്കുന്നില്ല.

❖ ഖാദി:- ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കശുവണ്ടി, നെയ്ത്ത്, കയർ മേഖലകളുടെ ഉന്നമനത്തിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി)

❖ കശുവണ്ടി:- കശുവണ്ടി വ്യവസായത്തിന്റെ ഉന്നമനത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അപ്പക്സ് സ്ഥാപനമായ കാപ്പക്സിനും, സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനും വളരെയധികം സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. 2007-08 - ൽ 11.03 കോടി രൂപയും, 2008-09 ൽ 6.33 കോടി രൂപയും ധനസഹായമായി കാപ്പക്സിന് നൽകിയിട്ടുണ്ട്. ഈ തുക കൊണ്ട് ഫാക്ടറികൾ ആധുനികവത്ക്കരിക്കുന്നതിനും, തുടർച്ചയായി ജോലി നൽകുന്നതിനും കശുവണ്ടി സംഭരിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. സംസ്ഥാന കശുവണ്ടി കോർപ്പറേഷന്റെ ബാങ്ക് ബാധ്യതകൾ സർക്കാർ ഏറ്റെടുത്തതിന്റെ ഭാഗമായി 3-ാം ഗഡു ഒടുക്കുന്നതിലേയ്ക്കായി 22.32 കോടി രൂപ അനുവദിച്ചു. കോർപ്പറേഷന്റെ തൊഴിലാളികൾക്ക് 2006 വർഷത്തെ ബോണസ് നൽകുന്നതിനും കോർപ്പറേഷന്റെ പ്രവർത്തന മൂലധനത്തിനുമായി 11 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 2007-08 സാമ്പത്തിക വർഷം തോട്ടണ്ടി വാങ്ങുന്നതിന് 16 കോടി രൂപയും മെഷീനറി സ്ഥാപിക്കുന്നതിന് 30 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. കോർപ്പറേഷന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി 2.50 കോടി രൂപയും തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകുന്നതിനായി 17.57 കോടി രൂപയും നൽകിയിട്ടുണ്ട്.

❖ നെയ്ത്ത്:- ഈ മേഖലയുടെ ഉന്നമനത്തിനായി നെയ്ത്തുകാർക്ക് നൂൽ ന്യായവിലയ്ക്ക് ലഭിക്കുന്നതിനായി യാൺ ബാങ്കുകൾ പ്രവർത്തിച്ചു വരുന്നു. പുതിയ ബ്രാന്റുകളുടെ വികസനത്തിനായി കണ്ണൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ആന്റ് ടെക്സ്റ്റയിൽ ടെക്നോളജിക്ക് സാമ്പത്തിക സഹായം നൽകി. ഭൗമ സൂചക ആക്ട് അനുസരിച്ച്

കാസർഗോഡ് സാരി, ബാലരാമപുരം സാരി, ചേന്ദമംഗലം മുണ്ട്, കൂത്താമ്പള്ളി സാരി എന്നിവ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ ടെക്സ്റ്റയിൽ കമ്മിറ്റിയുമായി ചേർന്ന് സ്വീകരിച്ചിട്ടുണ്ട്. നെയ്ത്തു കാർക്ക് വിദഗ്ദ്ധ പരിശീലനം, തറികളുടെ ആധുനികവത്ക്കരണം, ക്ളസ്റ്ററുകൾ രൂപീകരിക്കൽ എന്നിവ നടപ്പിലാക്കി വരുന്നു. കേന്ദ്ര-സംസ്ഥാന റിബേറ്റുകൾ നടപ്പിലാക്കുന്നു. ഹാന്റക്സിന് 1.86 കോടി രൂപയും ഹാൻവീവിന് 4 കോടി രൂപയും പ്രത്യേക ധനസഹായമായി കഴിഞ്ഞ സാമ്പത്തിക വർഷം നൽകി. ഖാദി തൊഴിലാളികൾക്ക് പ്രൊഡക്ഷൻ ഇൻസെന്റീവ് നൽകുന്നു. നെയ്ത്ത് ഇൻസെന്റീവ് കഴിയ്ക്ക് 40 പൈസയിൽ നിന്നും 55 പൈസയായും നൂൽപ്പ് കഴിയ്ക്ക് 10 പൈസയിൽ നിന്നും 20 പൈസയായും വർദ്ധിപ്പിച്ചു.

- കയർ:- കയർ സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് 19.62 കോടി രൂപ വിതരണം ചെയ്തു. സംഘങ്ങളുടെ 31.3.2006 വരെയുള്ള സർക്കാർ, എൻ.സി.ഡി.സി വായ്പകൾ ഓഹരിയാക്കി മാറ്റുകയുണ്ടായി. ഡിസ്ട്രസ് പർച്ചേയ്സ് പദ്ധതിയും ക്രയവില സ്ഥിരതാ പദ്ധതിയും നടപ്പാക്കി വരുന്നു. ഉൾനാടൻ പ്രദേശങ്ങളിൽ ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിന് ഗ്രാന്റ് അനുവദിച്ച് വരുന്നു. കയർ തൊഴിലാളികളുടെ കുറഞ്ഞ കൂലി പുതുക്കി നിശ്ചയിക്കുകയും സംഘം ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിക്കുന്നതിന് കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. ഫോം മാറ്റിംഗ്സ് (ഇൻഡ്യ) ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ വൈക്കത്ത് കയർ കോമ്പോസിറ്റ് ബോർഡ് ഫാക്ടറിയും കയർ കോർപ്പറേഷന്റെ അഭിമുഖ്യത്തിൽ കണിച്ചുകുളങ്ങരയിൽ സങ്കരയാൺ ഫാക്ടറിയും സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. ആഭ്യന്തര വിപണി ശക്തമാക്കുന്നതിന്റെ ഭാഗമായി പ്രാഥമിക സർവീസ് സഹകരണ ബാങ്കുകൾ വഴി ഉത്പന്നങ്ങൾ വിറ്റഴിക്കുന്ന പദ്ധതി നടപ്പാക്കി വരുന്നു. കയർഫെഡിന്റെ പുനരുദ്ധാരണ നടപടികൾ ഉടനെ തന്നെ അംഗീ

കരിക്കും. എൻ.സി.ആർ.എം.ഐ- യുടെ നേതൃത്വത്തിൽ ആധുനികവത്ക്കരണത്തിനാവശ്യമായ ഗവേഷണ പ്രവർത്തനങ്ങളുടെ മുൻഗണന നിശ്ചയിച്ച് നടപടികൾ പുരോഗമിക്കുന്നു. കയർ ഉല്പന്നങ്ങൾക്ക് പുതിയ ഉപയോഗമേഖലകൾ കണ്ടെത്തുന്നതിനായി കയർ ജിയോടെക്സ്റ്റയിലിന്റെ ഉപയോഗം വ്യാപിപ്പിക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചു വരുന്നു.

(സി) ഇക്കാര്യത്തിനായി നൂതന സംവിധാനങ്ങൾ/പരിഷ്ക്കരണങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പാക്കുമോ; വിശദമാക്കുമോ?

(സി)

- ❖ കശുവണ്ടി:- ഫാക്ടറി ഷെഡുകൾ യുദ്ധകാലാടിസ്ഥാനത്തിൽ പുതുക്കിപ്പണിതു കൊണ്ടിരിക്കുകയാണ്. കാപ്പക്സിന്റെ കീഴിലുള്ള H.O ആന്റ് പായ്ക്കിംഗ് സെന്ററിന്റെ പണി പുരോഗമിച്ച് കൊണ്ടിരിക്കുന്നു. പത്ത് ഫാക്ടറികളിലുമായി 13 ഇലക്ട്രിക് ബോർമ സ്ഥാപിച്ച് കഴിഞ്ഞു
- ❖ നെയ്ത്ത്:- പ്രാദേശിക ബ്രാന്റുകൾ തെരഞ്ഞെടുത്ത് പുതിയ ബ്രാന്റുകൾ വികസിപ്പിക്കുന്നതും ഭൗമ സൂചക ആക്ട് അനുസരിച്ച് നിലവിലുള്ള പ്രാദേശിക ഉത്പന്നങ്ങളുടെ രജിസ്ട്രേഷനും, നെയ്ത്തുകാർക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതും, ഫാക്ടറി മാതൃകാ സംഘങ്ങളിൽ തറികൾ ആധുനികവത്ക്കരിക്കുന്നതിനും കേന്ദ്രഗവൺമെന്റിന്റെ ഇന്റഗ്രേറ്റഡ് കൈത്തറി വികസന പദ്ധതി പ്രകാരം ക്ളസ്റ്ററുകൾ രൂപീകരിക്കുന്നതും പത്തിന് മുകളിൽ നെയ്ത്തുകാർ ഉൾപ്പെടുന്ന ഗ്രൂപ്പുകൾക്ക് കേന്ദ്രസഹായം നൽകുന്നതും ഈ വ്യവസായത്തിന്റെ വികസനത്തിനായി നടത്തുന്ന നൂതന പരിഷ്ക്കരണമാണ്.
- ❖ കയർ:- ഉല്പാദന ക്ഷമത കൂടിയ ആധുനിക ലൂമുകളായ അനുപം, അനുഗ്രഹ എന്നിവ കൂടുതലായി ഉപയോഗിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കയർ കമ്മീഷൻ റിപ്പോർട്ടിലെ വികസന പ്രവർത്തനങ്ങൾക്കായുള്ള ശുപാർശകൾ സർക്കാർ പരിശോധിച്ച് വരികയാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 240 — 3..12..2008-ൽ മറുപടിയ്ക്ക്

## സ്പൈസസ് പാർക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.മുരളി<br>ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.വർക്കല കഹാർ | ശ്രീ.എളമരം കരീം<br>(ബഹു.വ്യവസായ വകുപ്പ് മന്ത്രി) |
| (എ)സംസ്ഥാനത്തിന് ഒരു സ്പൈസസ് പാർക്ക് അനുവദിച്ചുകൊണ്ടുള്ള പ്രഖ്യാപനം കേന്ദ്ര ഗവൺമെന്റ് നടത്തിയതെന്നാണ്; | (എ) ഇടുക്കി ജില്ലയിൽ ഒരു സ്പൈസസ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള ധാരണാ പത്രം സ്പൈസസ് ബോർഡും കിൻഫ്രയും ചേർന്ന് 13.2.07 ന് ഒപ്പു വച്ചു. |
| (ബി)അതിനു ശേഷം പ്രസ്തുത പാർക്ക് സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടിയെടുത്തു; | (ബി) സ്പൈസസ് പാർക്ക് രണ്ടു ഘട്ടങ്ങളിലായിട്ടാണ് വിഭാവനം ചെയ്തിരിക്കുന്നത്.<br>(1) പ്രീ പ്രോസസിംഗ് സെന്റർ<br>(2) വാല്യൂ അഡിഷൻ സോൺ<br>സ്പൈസസ് പാർക്ക് സ്ഥാപിക്കുന്നതിന് അനുയോജ്യഭൂമി കണ്ടെത്തുന്നതിന് കിൻഫ്ര ഒരു ടെക്നിക്കൽ ടീമിനെ നിയമിച്ചിരുന്നു. പ്രസ്തുത ടീം ഇടുക്കി ജില്ലയിൽ രണ്ട് സ്ഥലങ്ങൾ ശുപാർശ ചെയ്യുകയുണ്ടായി. പ്രീ പ്രോസസിംഗ് സെന്ററിനു വേണ്ടി ഇടുക്കി ജില്ലയിലെ ഉടുമ്പഞ്ചോല താലൂക്കിൽ കൽക്കുന്തൽ വില്ലേജിൽ 100 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകി. ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. വാല്യൂ അഡിഷൻ സോൺ സ്ഥാപിക്കുന്നതിനു വേണ്ടി തൊടുപുഴ താലൂക്കിലെ മുട്ടം വില്ലേജിൽ വ്യവസായ വകുപ്പിന്റെ കൈവശമുണ്ടായിരുന്ന 14.67 ഏക്കർ ഭൂമി കിൻഫ്രയ്ക്ക് ഇതിനകം കൈമാറിയിട്ടുണ്ട്. കൂടാതെ 90.82 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| | തൊടുപുഴ താലൂക്കിലെ പൊന്നും വില നടപടികൾ നടത്തുന്നതിന് തൊടുപുഴയിലെ സ്പെഷ്യൽ തഹസിൽദാരെ ലാന്റ് അക്വിസിഷൻ ഓഫീസറായി അധികാരപ്പെടുത്തുന്നതിലേയ്ക്കുള്ള വിജ്ഞാപനം റവന്യൂ വകുപ്പ് പരിശോധിച്ച് വരികയാണ്. |
| (സി) തമിഴ്നാട്ടിലും കർണ്ണാടകയിലും സ്പൈസസ് പാർക്ക് ആദ്യം ആരംഭിക്കുന്ന പക്ഷം സംസ്ഥാനത്തിനനുവദിച്ച സ്പൈസസ് പാർക്ക് നഷ്ടപ്പെടുവാൻ സാധ്യതയുണ്ടോ? | (സി) നഷ്ടപ്പെടാൻ സാധ്യതയുള്ളതായി സർക്കാർ കരുതുന്നില്ല. |

Rajesh

സെക്ഷൻ ഓഫീസർ